# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

## ജിഎസ്ടിക്ക് കീഴിലുള്ള ഇ-വേ ബിൽ സംവിധാനത്തിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ്

**കേരള സർക്കാർ**

**2025 വർഷത്തിലെ റിപ്പോർട്ട് നമ്പർ 2**

**(പ്രവർത്തനക്ഷമതാ ഓഡിറ്റ് - സിവിൽ)**

# ഉള്ളടക്കത്തിന്റെ പട്ടിക


| വിവരങ്ങൾ | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | | (iii) |
| എക്സിക്യൂട്ടീവ് സമ്മറി | | (v) |
| **അധ്യായം–I : പൊതുവിൽ** | | |
| ഇ–വേ ബില്ലുകളുടെ അവതാരിക | 1.1 | 1 |
| ഇ–വേ ബില്ലുകൾക്കായി ഉപയോഗിക്കുന്ന വിവര സാങ്കേതികവിദ്യ | 1.2 | 1 |
| ഇ–വേ ബിൽ സിസ്റ്റത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രക്രിയകൾ | 1.3 | 1 |
| വകുപ്പിന്റെ ഘടന | 1.4 | 3 |
| ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡം, വ്യാപ്തി, സാമ്പിൾ രീതിശാസ്ത്രം | 1.5 | 3 |
| ഓഡിറ്റ് കണ്ടെത്തലുകൾ | 1.6 | 5 |
| **അധ്യായം–II : വരുമാനം സംരക്ഷിക്കുന്നതിൽ ഇ–വേ ബിൽ സംവിധാനത്തിന്റെ കാര്യക്ഷമത** | | |
| വരുമാനം സംരക്ഷിക്കുന്നതിൽ ഇ–വേ ബിൽ സംവിധാനത്തിന്റെ കാര്യക്ഷമത | 2.1 | 7 |
| ഓഡിറ്റിന്റെ ഫലങ്ങൾ | 2.2 | 8 |
| ഇ–വേ ബില്ലുകളുടെ ഡാറ്റ വിശകലനം വഴി കണ്ടെത്തിയ പൊരുത്തക്കേടുകൾ | 2.3 | 18 |
| **അധ്യായം–III : വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ** | | |
| വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ | 3.1 | 21 |
| പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പ് | 3.2 | 21 |
| പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി | 3.3 | 25 |
| ഇ–വേ ബില്ലുമായി ബന്ധപ്പെട്ട ഇടപാടുകൾ നിരീക്ഷിക്കുന്നതിൽ വകുപ്പിനകത്തും വകുപ്പുകൾ തമ്മിലുമുള്ള ഏകോപനം | 3.4 | 28 |
| **അധ്യായം–IV : ഉപസംഹാരവും ശുപാർശകളും** | | |
| ഉപസംഹാരം | 4.1 | 33 |
| ശുപാർശകൾ | 4.2 | 34 |
| **അനുബന്ധം** | | 37 |
| **ചുരുക്കെഴുത്തുകളുടെ പദസഞ്ചയം** | | 59 |

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151(2) പ്രകാരം സംസ്ഥാന നിയമസഭയുടെ മുൻപാകെ വയ്ക്കുന്നതിനായി ഗവർണർക്ക് സമർപ്പിക്കാൻ തയ്യാറാക്കിയതാണ് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2022 മാർച്ചിൽ അവസാനിച്ച വർഷ കാലയളവിലേക്കുള്ള ഈ ഓഡിറ്റ് റിപ്പോർട്ട്.

ഈ റിപ്പോർട്ടിൽ കേരളത്തിൽ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ നിലനിന്നിരുന്ന ജിഎസ്ടിക്ക് കീഴിലുള്ള ഇ-വേ ബിൽ സംവിധാനത്തെക്കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ഫലങ്ങൾ അടങ്ങിയിരിക്കുന്നു.

2023 ഫെബ്രുവരി മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റിനിടെ ശ്രദ്ധയിൽപ്പെട്ടവയാണ് ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓഡിറ്റിംഗ് മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഓഡിറ്റ് നടത്തപ്പെട്ടത്.

റിപ്പോർട്ടിന്റെ ഈ മലയാളം പരിഭാഷയിൽ എന്തെങ്കിലും സംശയം ഉളവായാൽ ഇംഗ്ലീഷ് പതിപ്പിനെ ആധികാരികമായി പരിഗണിക്കേണ്ടതാണ്.

## എക്സിക്യൂട്ടീവ് സമ്മറി

### ഞങ്ങൾ ഈ ഓഡിറ്റ് എന്തുകൊണ്ട് നടത്തി?

ചരക്ക് വിതരണത്തിന് മുമ്പ് ചരക്കുമായി ബന്ധപ്പെട്ട ഇടപാടുകളുടെ വിശദാംശങ്ങൾ പിടിച്ചെടുക്കുന്ന, ചരക്ക് നീക്കത്തിന് മുമ്പ് ജനറേറ്റ് ചെയ്യേണ്ട ഒരു ഇലക്ട്രോണിക് രേഖയാണ് ഇ–വേ ബിൽ. ഇതിന്റെ മുഴുവൻ പ്രക്രിയയുടെയും ഓട്ടോമേഷൻ നടപ്പിലാക്കുന്നതും സ്റ്റാൻഡേർഡൈസ് ചെയ്യുന്നതും, നികുതിവെട്ടിപ്പ് തടയുന്നതിനും വരുമാന ശേഖരണം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ്. 50,000 രൂപയിൽ കൂടുതൽ മൂല്യമുള്ള എല്ലാ അന്തർ സംസ്ഥാന ചരക്കു നീക്കങ്ങൾക്കും 2018 ഏപ്രിൽ 1 മുതൽ ഇ–വേ ബിൽ സംവിധാനം പ്രാബല്യത്തിൽ വന്നു. സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങൾക്ക് 2018 ഏപ്രിൽ 15 മുതൽ ഇ–വേ ബിൽ നിർബന്ധമാക്കി.

ചരക്ക് അയക്കുന്ന ആളോ, സ്വീകരിക്കുന്ന ആളോ അല്ലെങ്കിൽ ചരക്ക് കൊണ്ടുപോകുന്നയാളോ എൻഐസിയുടെ ഇ–വേ ബിൽ പോർട്ടൽ വഴി ഇ–വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയും വിതരണത്തിനോ കയറ്റുമതിക്കോ ഇറക്കുമതിക്കോ ജോബ്–വർക്കിനോ സ്വന്തം ഉപയോഗത്തിനോ വേണ്ടി ചരക്കുകൾ വാഹനത്തിൽ കൊണ്ടുപോകുമ്പോൾ കയ്യിൽ കരുതുകയും വേണം. അയയ്ക്കുന്ന സ്ഥലവും കൊണ്ടുപോകേണ്ട ചരക്കുകളുടെ ലക്ഷ്യസ്ഥാനവും തമ്മിലുള്ള ദൂരം അനുസരിച്ച് ഇ–വേ ബില്ലിന്റെ സാധുത സ്വയമേവ സജ്ജീകരിക്കപ്പെടുന്നു. ആവശ്യകത അനുസരിച്ച് സാധുത നീട്ടാവുന്നതുമാണ്.

സർക്കാരിന്റെ വരുമാന താൽപ്പര്യം സംരക്ഷിക്കുന്നതിൽ ഇ–വേ ബിൽ സംവിധാനത്തിന്റെ ഫലപ്രാപ്തിയും ഇ–വേ ബിൽ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ വകുപ്പിന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും പരിശോധിക്കുന്നതിനാണ് ജിഎസ്ടിക്ക് കീഴിലുള്ള ഇ–വേ ബിൽ സംവിധാനത്തെക്കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്. 2018 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലെ ഇ–വേ ബിൽ ഇടപാടുകൾ ഉൾപ്പെടുത്തി, 2023 ഫെബ്രുവരി മുതൽ ഒക്ടോബർ വരെ ഈ ഓഡിറ്റ് നടത്തി. (1) സർക്കാരിന്റെ വരുമാന താൽപര്യം സംരക്ഷിക്കുന്നതിൽ ഇ–വേ ബിൽ സംവിധാനം ഫലപ്രദമാണോ (2) ഇ–വേ ബിൽ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ വകുപ്പിന്റെ പ്രതിരോധ/ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാണോ എന്നിവ വിലയിരുത്തുകയായിരുന്നു ഈ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ.

### ഞങ്ങൾ എന്തു കണ്ടെത്തി?

സിസ്റ്റം നിർമിതിയിലെ പോരായ്മകൾ കാരണം, രജിസ്ട്രേഷൻ റദ്ദാക്കിയതും റിട്ടേൺ സമർപ്പിക്കാത്തതുമായ നികുതിദായകരെ ഇ–വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ അനുവദിച്ചത് വരുമാന ചോർച്ചയ്ക്ക് കാരണമായി.

ഇ–വേ ബിൽ കോമൺ പോർട്ടലിൽ കൃത്യതാ പരിശോധനയുടെ അഭാവം കാരണം ഒരേ ഇൻവോയ്സ് നമ്പറിനായി ഒന്നിലധികം ഇ–വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ സിസ്റ്റം അനുവദിച്ചു.

കോമ്പോസിഷൻ നികുതിദായകരുടെ അന്തർ–സംസ്ഥാന, സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കം തമ്മിൽ വേർതിരിച്ചറിയാൻ സിസ്റ്റത്തിന് കഴിഞ്ഞില്ല. ഇത് ഈ രണ്ട് സാഹചര്യങ്ങളിലും ഇ–വേ ബില്ലുകൾ ജനറേറ്റ് ചെയ്യുന്നതിന് അനുവദിച്ചു. 'നിൽ' റിട്ടേണുകൾ ഫയൽ ചെയ്ത നികുതിദായകർക്ക് തുടർന്നും ഇ–വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ സിസ്റ്റം അനുവദിച്ചത് വരുമാനം ചോരുന്നതിന് വഴിയൊരുക്കി.

ഇ–വേ ബിൽ സംവിധാനത്തിൽ കൃത്യതാ പരിശോധനയുടെ അഭാവം കാരണം ഒന്നിലധികം ഇൻവോയ്സുകൾ ചേർത്ത് ഒരൊറ്റ ഇ–വേ ബിൽ ജനറേറ്റ്

ചെയ്യാൻ സിസ്റ്റം അനുവദിച്ചു.

ശ്രദ്ധയിൽപ്പെട്ട പൊരുത്തക്കേടുകൾ ഇ-വേ ബില്ലുകളുമായി ബന്ധപ്പെട്ട ഇൻവോയ്സുകൾ ജിഎസ്ടിആർ-1ൽ റിപ്പോർട്ട് ചെയ്യപ്പെടാത്തതും തിരിച്ചുമുള്ള സംഭവങ്ങളിലേക്കും വ്യാപിച്ചു. ഇത്, കൃത്യമായ നികുതി റിപ്പോർട്ടിംഗിനെക്കുറിച്ചുള്ള ആശങ്കകൾ ഉയർത്തുന്നു. കൂടാതെ, 50,000 രൂപയിൽ കൂടുതലുള്ള ശ്രദ്ധേയമായ എണ്ണം ഇൻവേർഡ് സപ്ലൈകളിൽ ഇ-വേ ബില്ലുകളുടെ അഭാവമുണ്ടായിരുന്നു.

ഐടിസിയിൽ പൊരുത്തക്കേടിന്റെ പ്രവണതയും, ഗണ്യമായ എണ്ണം നികുതിദായകരും അവരുടെ നികുതി ബാധ്യതകൾ തീർക്കാൻ അധിക ക്രെഡിറ്റ് ഉപയോഗപ്പെടുത്തുന്നു എന്നതും ഇ-വേ ബിൽ ഇടപാടുകളെ അടിസ്ഥാനമാക്കി തിരിച്ചറിഞ്ഞ നികുതിദായകരുടെ റിട്ടേണുകൾ പരിശോധിച്ചതിലൂടെ കണ്ടെത്തി. കൂടാതെ, നിഷ്ക്രിയരായ നികുതിദായകർക്കായി ഇ-വേ ബില്ലുകൾ നൽകിയ നികുതിദായകർ നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുന്നതായി കണ്ടെത്തി. ഒരേ പാൻ ഉപയോഗിച്ച് ഒന്നിലധികം രജിസ്ട്രേഷൻ എടുത്തിട്ടുള്ള നികുതിദായകരുടെ കാര്യത്തിൽ അനുവർത്തന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

നികുതി വെട്ടിപ്പിന് സാധ്യതയുള്ള കേസുകൾ തിരിച്ചറിയാൻ എൻഐസി ജനറേറ്റ് ചെയ്ത വിശകലന റിപ്പോർട്ടുകൾ വകുപ്പുതല ഉദ്യോഗസ്ഥർ ഉപയോഗിച്ചില്ല. ഇതിന്റെ ഉപയോഗത്തിന്റെ അഭാവം, രജിസ്റ്റർ ചെയ്യാത്ത വ്യക്തികൾ നടത്തുന്ന ചരക്കു നീക്കം, ഉയർന്ന മൂല്യമുള്ള ഇടപാടുകൾ നടത്തുന്ന നികുതിദായകർ, ഇ-വേ ബില്ലുകളുടെ ജനറേഷനിലെ ഉയർന്ന റിസ്ക് പാറ്റേണുകൾ എന്നിവ പോലുള്ള നികുതി അനുവർത്തന കേസുകൾ കണ്ടെത്താനാകാത്തതിലേക്ക് നയിച്ചു.

സംഗ്രഹ, അന്തിമ പരിശോധനാ റിപ്പോർട്ടുകൾ ഓൺലൈനായി രേഖപ്പെടുത്താത്തത്, ചരക്കു വാഹനങ്ങൾ തടഞ്ഞു പരിശോധന നടത്തുന്നതിനുള്ള നിർദ്ദിഷ്ട ചട്ടങ്ങളിൽ നിന്നുള്ള വ്യതിയാനവും ഉന്നത അധികാരികളുടെ നിരീക്ഷണത്തിന്റെ അഭാവവും സൂചിപ്പിക്കുന്നു. ഓൺലൈനായി റിപ്പോർട്ടുകൾ രേഖപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നത്, ഇ-വേ ബില്ലിന്റെ പരിശോധനയുടെയും നിരീക്ഷണ പ്രവർത്തനങ്ങളുടെയും ഓട്ടോമേഷനെ തടസ്സപ്പെടുത്തുന്നു.

ചരക്കു വാഹനങ്ങൾ തടഞ്ഞു പരിശോധന നടത്തുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ വകുപ്പ് പാലിച്ചില്ല.

വാഹനങ്ങൾ തടഞ്ഞു നിർത്തിയുള്ള പരിശോധനയിലൂടെ ബുക്ക് ചെയ്ത കേസുകളുടെ വിവരങ്ങൾ തുടർനടപടികൾക്കായി സംസ്ഥാന/ കേന്ദ്ര അധികാരപരിധിയിലുള്ള അധികാരികൾക്ക് കൈമാറിയില്ല.

## ഞങ്ങൾ ശുപാർശ ചെയ്യുന്നത്

ചുവടെ നൽകിയിരിക്കുന്നതുപോലെ 10 ശുപാർശകൾ ഞങ്ങൾ നൽകിയിട്ടുണ്ട്:

### *വരുമാനം സംരക്ഷിക്കുന്നതിൽ ഇ-വേ ബിൽ സിസ്റ്റത്തിന്റെ ഫലപ്രാപ്തി*

റിട്ടേണുകൾ സമർപ്പിക്കാത്തവർ, നിൽ റിട്ടേൺ സമർപ്പിച്ചവർ, രജിസ്ട്രേഷൻ റദ്ദാക്കിയ നികുതിദായകർ എന്നിവർ ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുന്നത്, ഒരേ/ സമാന ഇൻവോയ്സുള്ള ഒന്നിലധികം ഇ-വേ ബില്ലുകൾ, ഒന്നിലധികം ഇൻവോയ്സുകൾ ചേർത്ത് ഒരൊറ്റ ഇ-വേ ബിൽ, കോമ്പോസിഷൻ നികുതിദായകരുടെ അന്തർസംസ്ഥാന ഔട്ട്‌വേർഡ് സപ്ലൈക്കായി ഇ-വേ ബിൽ ജനറേറ്റ് ചെയ്യൽ എന്നിവ പോലുള്ള സിസ്റ്റം പോരായ്മകൾ പരിഹരിക്കാൻ സർക്കാരിന് എൻഐസിയെ അറിയിക്കാം;

ഉയർന്ന റിസ്കുള്ള ഇടപാടുകൾ/ നികുതിദായകരെ തിരിച്ചറിയുന്നതിനും റെഡ് ഫ്ളാഗ് ചെയ്യുന്നതിനും വേണ്ടി ഇ-വേ ബിൽ ഡാറ്റ വിശകലനം ചെയ്യുന്നതിനായി ശക്തമായ ഒരു സംവിധാനം അവതരിപ്പിക്കുകയും അത്തരം നികുതിദായകരുടെ റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് മുൻഗണന

നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യാം;

ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയും എന്നാൽ നികുതി ബാധ്യത തീർക്കാത്തതുമായ നികുതിദായകരെ തിരിച്ചറിയുന്നതിന് അനുയോജ്യമായ ഒരു സംവിധാനം രൂപപ്പെടുത്തുന്നത് സർക്കാരിന് പരിഗണിക്കാം. കൂടാതെ അത്തരം നികുതിദായകരുടെ റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് മുൻഗണന നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാം;

ഐടിസിയുടെ പൊരുത്തമില്ലായ്മ കാണപ്പെട്ടതും രജിസ്ട്രേഷൻ റദ്ദു ചെയ്യപ്പെട്ട സ്വീകർത്താവിനായി ഇ-വേ ബില്ലുകൾ നൽകിയതും പോലുള്ള റിട്ടേണുകൾ സമർപ്പിച്ച നികുതിദായകരുടെ റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് മുൻഗണന നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്ന കാര്യം സർക്കാരിന് പരിഗണിക്കാം;

ഒരേ പാൻ ഉപയോഗിച്ച് ഒന്നിലധികം രജിസ്ട്രേഷനുള്ള നികുതിദായകരുടെ ഇ-വേ ബില്ലുകളും റിട്ടേണുകളും പരിശോധിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാറിനു നിർദ്ദേശിക്കാം;

എല്ലാ പ്രധാന പ്രശ്ന മേഖലകളും ഉൾക്കൊള്ളുന്ന വിശകലന റിപ്പോർട്ടുകൾ സമയാസമയം സൃഷ്ടിക്കുന്നുണ്ടെന്നും കൂടുതൽ ആവശ്യമായ നടപടികൾ എടുക്കുന്നതിന് ബന്ധപ്പെട്ട അധികാരപരിധിയിലുള്ള അധികാരികളുമായി പങ്കിടുന്നുണ്ടെന്നും സർക്കാരിന് ഉറപ്പാക്കാം;

***എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ***

ഉയർന്ന റിസ്ക്കുള്ള നികുതിദായകരെ കണ്ടെത്തുന്നതിനും റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്കും പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്ന തരത്തിലുള്ള അന്വേഷണത്തിനും വേണ്ടി എൻഐസി ജനറേറ്റ് ചെയ്യുന്ന വിശകലന റിപ്പോർട്ടുകൾ സർക്കാരിന് ഉപയോഗപ്പെടുത്താം;

ചരക്കുഗതാഗതത്തിനിടയിലുള്ള ഓരോ പരിശോധനയുടെയും സംഗ്രഹ റിപ്പോർട്ടുകൾ ഓൺലൈനായി രേഖപ്പെടുത്താൻ എൻഫോഴ്സ്മെന്റ് ഓഫീസർമാർക്ക് സർക്കാരിന് നിർദ്ദേശം നൽകാവുന്നതാണ്. ഉന്നത അധികാരികൾ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ്;

ഇലക്ട്രോണിക് ലയബിലിറ്റി ലെഡ്ജറിൽ നികുതി-പിഴ ബാധ്യതയുടെ വിശദശാംശങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്താൻ സർക്കാരിന് പ്രോപ്പർ ഓഫീസർക്ക് നിർദ്ദേശം നൽകാം;

ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാതെ ചരക്ക് ഗതാഗതം നടത്തിയ നികുതി ദായകരെ കണ്ടെത്താൻ സർക്കാരിന് ഒരു സംവിധാനം രൂപപ്പെടുത്താം;

കൂടുതൽ അന്വേഷണത്തിനായി ബുക്ക് ചെയ്ത കേസുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിക്കുന്നതിനും അധികാരപരിധിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് വിവരങ്ങൾ കൈമാറുന്നതിനും സർക്കാരിന് ഒരു സംവിധാനം രൂപപ്പെടുത്താം.

**ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള സർക്കാരിന്റെ പ്രതികരണം**

ഓഡിറ്റ് നിരീക്ഷണങ്ങളോട് പ്രതികരിക്കവെ, ആവശ്യമുള്ളിടത്തെല്ലാം ആവശ്യമായ തിരുത്തൽ നടപടികൾ സർക്കാർ ഉറപ്പുനൽകി. ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സർക്കാർ നിർദ്ദേശിച്ച തിരുത്തൽ നടപടിയെ ഓഡിറ്റ് അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

# അധ്യായം I

# പൊതുവിൽ

# അധ്യായം-I
# പൊതുവിൽ

## 1.1 ഇ–വേ ബില്ലുകളുടെ അവതാരിക

2017 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്ന ചരക്ക് സേവന നികുതി (ജിഎസ്ടി) രാജ്യത്തുടനീളമുള്ള നികുതി ഘടനയുടെ ഏകീകരണം ഉറപ്പാക്കുകയും അതിലൂടെ സംസ്ഥാനങ്ങളിലുടനീളം ചരക്ക് ഗതാഗതം സുഗമമാക്കുകയും ചെയ്തു. ഇ–വേ ബിൽ എന്നത് ചരക്കുകളുടെ നീക്കത്തിന് ആവശ്യമായ ഒരു രേഖയാണ്. ഇത് ചരക്ക് നീക്കത്തിന് മുൻപ് ചരക്കുകളുടെ വിശദാംശങ്ങൾ പിടിച്ചെടുക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ഇ–വേ ബിൽ പ്രക്രിയയുടെ ഓട്ടോമേഷനും സ്റ്റാൻഡേർഡൈസേഷനും നികുതി വെട്ടിപ്പ് തടയുന്നതിനും ജിഎസ്ടി വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നതിന് ഉദ്ദേശിച്ചു ള്ളതാണ്. സർക്കാർ നിരീക്ഷിക്കുന്ന നികുതി നിർവഹണ മാതൃകയിൽ നിന്ന് നികുതിദായകൻ സ്വയം റിപ്പോർട്ടുചെയ്യുന്ന മാതൃകയിലേക്കുള്ള മാറ്റമായാണ് ഇ–വേ ബിൽ വിഭാവനം ചെയ്തിരിക്കുന്നത്.

50,000 രൂപയിൽ കൂടുതൽ മൂല്യമുള്ള എല്ലാ അന്തർ സംസ്ഥാന ചരക്കു നീക്കങ്ങൾക്കും 2018 ഏപ്രിൽ 1 മുതൽ ഇ–വേ ബിൽ പ്രാബല്യത്തിൽ വന്നു. 50,000 രൂപയിൽ കൂടുതൽ മൂല്യമുള്ള സംസ്ഥാനത്തിനുള്ളിലെ ചരക്കു നീക്കങ്ങൾക്ക് 2018 ഏപ്രിൽ 15 മുതൽ ഇ–വേ ബിൽ നിർബന്ധമാക്കി.

## 1.2 ഇ–വേ ബില്ലുകൾക്കായി ഉപയോഗിക്കുന്ന വിവര സാങ്കേതിക വിദ്യ

ഇ–വേ ബിൽ കോമൺ പോർട്ടൽ വികസിപ്പിച്ചതും നിയന്ത്രിക്കുന്നതും കർണാടക ആസ്ഥാനമായുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ്. വിതരണവുമായോ വിതരണവുമായി ബന്ധപ്പെടാത്ത മറ്റു കാരണങ്ങളാലോ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യാത്ത വ്യക്തിയിൽ നിന്നുള്ള ഇൻവേർഡ് സപ്ലൈ മൂലമോ ഉള്ള ചരക്കുകളുടെ നീക്കത്തെക്കുറിച്ചുള്ള വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനാണ് ഈ പോർട്ടൽ വികസിപ്പിച്ചിരിക്കുന്നത്.

പ്രോപ്പർ ഓഫീസർമാർക്ക്[1] രണ്ട് മാർഗങ്ങളിലൂടെ, (i) നൽകിയിരിക്കുന്ന ലോഗിൻ ക്രെഡൻഷ്യലുകൾ ഉപയോഗിച്ച് ഒരു വെബ് ബ്രൗസറിലൂടെയോ അല്ലെങ്കിൽ (ii) ജിഎസ്ടി ഇ–വേ ബിൽ സിസ്റ്റം മൊബൈൽ ആപ്പ് വഴിയോ ഇ–വേ ബിൽ കോമൺ പോർട്ടലിലേക്ക് ലോഗിൻ ചെയ്ത് പോർട്ടലിൽ പ്രവേശിക്കാൻ കഴിയും. ഇ–വേ ബില്ലുകളുടെ പരിശോധന, ഇ–വേ ബില്ലുകളുടെ അൺബ്ലോക്ക്, എംഐഎസ് റിപ്പോർട്ടുകൾ നിരീക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുക തുടങ്ങിയവയാണ് പ്രോപ്പർ ഓഫീസർമാർക്ക് ചെയ്യാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ.

## 1.3 ഇ–വേ ബിൽ സിസ്റ്റത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രക്രിയകൾ

2017 ലെ ചരക്ക് സേവന നികുതി ചട്ടങ്ങളുടെ ചട്ടം 138ൽ (കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ ഉൾപ്പെടെ) ഇ–വേ ബിൽ പ്രക്രിയ വ്യവസ്ഥ ചെയ്യുന്നു. പോർട്ടലിൽ ആവശ്യമായ വ്യക്തികളുടെ വിവരങ്ങൾ ചേർക്കൽ, ഇ–വേ ബില്ലുകളുടെ ജനറേഷൻ, കാലാവധി നീട്ടൽ, റദ്ദാക്കൽ, നിരസിക്കൽ തുടങ്ങിയ വിവിധ പ്രക്രിയകൾ ഇ–വേ ബിൽ സംവിധാനത്തിൽ ഉൾപ്പെടുന്നു. ജിഎസ്ടിക്ക് കീഴിലുള്ള ഇ–വേ ബിൽ സംവിധാനത്തിന്റെ മുഴുവൻ പ്രക്രിയയും **ചിത്രം 1.1** ൽ വർണ്ണിച്ചിരിക്കുന്നു.

---

[1] 2017–ലെ എസ്ജിഎസ്ടി നിയമം പ്രകാരമുള്ള ഏത് കടമയും നിർവ്വഹിക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥനാണ് പ്രോപ്പർ ഓഫീസർ.

**ചിത്രം – 1.1**
**ഇ–വേ ബിൽ പ്രക്രിയ കാണിക്കുന്ന ചാർട്ട്**



## 1.4 വകുപ്പിന്റെ ഘടന

കേരള സർക്കാരിന്റെ നികുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പാണ് സംസ്ഥാനത്ത് ജിഎസ്ടി നിയന്ത്രിക്കുന്നത്. സംസ്ഥാന നികുതി കമ്മീഷണറാണ് വകുപ്പിന്റെ തലവൻ. വകുപ്പിന്റെ നികുതിദായക സേവന പ്രവർത്തനങ്ങളുമായും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട ഘടന[2] **ചിത്രം – 1.2**–ൽ കാണിച്ചിരിക്കുന്നു.

**ചിത്രം – 1.2**

**വകുപ്പിന്റെ ഘടന**




## 1.5 ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡം, വ്യാപ്തി, സാമ്പിൾ രീതിശാസ്ത്രം

### 1.5.1 ഓഡിറ്റ് ലക്ഷ്യങ്ങൾ

- സർക്കാരിന്റെ വരുമാന താൽപ്പര്യം സംരക്ഷിക്കുന്നതിൽ ഇ–വേ ബിൽ സംവിധാനം ഫലപ്രദമാണോ എന്നും

- ഇ–വേ ബിൽ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ വകുപ്പിന്റെ പ്രതിരോധ/ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാണോ എന്നും

പരിശോധിച്ചറിയുന്നതിനായിരുന്നു ജിഎസ്ടിക്ക് കീഴിലുള്ള ഇ–വേ ബിൽ സംവിധാനത്തെക്കുറിച്ചുള്ള ഈ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്.

[2] 2023 ജനുവരി 7–ലെ ഉത്തരവ് നമ്പർ സിടി/7520/2022സി–1 പ്രകാരം.

### 1.5.2 ഓഡിറ്റ് മാനദണ്ഡം

ഇ-വേ ബിൽ സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപറയുന്നവയിൽ നിന്നും ഉരുത്തിരിഞ്ഞതാണ്.

» സംസ്ഥാന ചരക്ക് സേവന നികുതി നിയമം, 2017 (എസ്ജിഎസ്ടി നിയമം),

» സംസ്ഥാന ചരക്ക് സേവന നികുതി ചട്ടങ്ങൾ, 2017 (എസ്ജിഎസ്ടി ചട്ടങ്ങൾ),

» ജിഎസ്ടി കൗൺസിൽ അംഗീകരിച്ചതും എസ്ജിഎസ്ടി വകുപ്പ് പുറപ്പെടുവിച്ചതുമായ വിജ്ഞാപനങ്ങൾ/ സർക്കുലറുകൾ/ നിർദ്ദേശങ്ങൾ, കൂടാതെ

» എൻഐസി, എസ്ജിഎസ്ടി വകുപ്പ് എന്നിവ നൽകുന്ന ഉപദേശങ്ങൾ/ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ.

### 1.5.3 ഓഡിറ്റിന്റെ വ്യാപ്തി

ഇ-വേ ബിൽ പോർട്ടലിൽ രജിസ്റ്റർ ചെയ്ത വ്യക്തികളുടെ 2018 ഏപ്രിൽ 1നും 2022 മാർച്ച് 31നും ഇടയിലുള്ള കാലയളവിലുള്ള ഇ-വേ ബിൽ ഇടപാടുകൾ ആണ് ഈ ഓഡിറ്റിൽ ഉൾപ്പെടുത്തിയത്. ഓഡിറ്റ് കാലയളവിൽ ജനറേറ്റ് ചെയ്ത ഇ-വേ ബിൽ ഡാറ്റ ചരക്ക് സേവന നികുതി നെറ്റ്‌വർക്കിൽ (ജിഎസ്ടിഐഎൻ) നിന്ന് വേർതിരിച്ചെടുക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. റോഡുകളിലൂടെയുള്ള ചരക്കു നീക്കം മാത്രമേ ഈ ഓഡിറ്റിനായി പരിഗണിച്ചിട്ടുള്ളൂ. റെയിൽവേ/ ആകാശ പാത/ കടൽപ്പാത വഴി ചരക്കുനീക്കത്തിനുള്ള ഇ-വേ ബില്ലുകളെ ഈ ഓഡിറ്റിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

വാഹനങ്ങൾ തടഞ്ഞു നിർത്തിയുള്ള പരിശോധന, രേഖകളുടെ പരിശോധന, ചരക്കുകളുടെ പരിശോധന, സ്വീകരിച്ച നടപടികൾ എന്നിങ്ങനെയുള്ള ഇ-വേ ബില്ലുകളെ സംബന്ധിച്ച വകുപ്പിന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഓഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നു.

### 1.5.4 ഓഡിറ്റ് സാമ്പിളും രീതിശാസ്ത്രവും

നിശ്ചിത പരിധിക്ക് മുകളിൽ മൂല്യമുള്ള ഏതെങ്കിലും ചരക്കുകളുടെ നീക്കത്തിന് മുമ്പായി ജിഎസ്ടിക്ക് കീഴിലുള്ള ഇ-വേ ബിൽ ജനറേഷൻ അനിവാര്യമായ ഒരു വ്യവസ്ഥയായതിനാൽ ഈ പ്രവർത്തനക്ഷമതാ ഓഡിറ്റിന് ഒരു പ്രശ്നകേന്ദ്രീകൃത സമീപനം ആണ് പരീക്ഷിച്ചത്. തിരിച്ചറിഞ്ഞ പ്രധാന പ്രശ്ന മേഖലകൾ (കെപിഎ)/ റിസ്ക് മാനം എന്നിവ അടിസ്ഥാനമാക്കി വികസിപ്പിച്ചെടുത്തതാണ് ഓഡിറ്റ് ലക്ഷ്യം-1-നുള്ള സാമ്പിളുകൾ. സർക്കാരിന് വരുമാനം കണ്ടെത്തുന്നതിന് തടസ്സമാകുന്ന പ്രധാന പ്രശ്ന മേഖലകൾ **അനുബന്ധം-I** ൽ നൽകിയിരിക്കുന്നു.

32[3] ടാക്സ്പെയർ സർവീസസ് സർക്കിളുകൾക്ക് (ടിപിഎസ്സി) കീഴിലുള്ള 56 നികുതിദായകരുമായി ബന്ധപ്പെട്ട 80 ഇ-വേ ബില്ലുകൾ ഓഡിറ്റ് ലക്ഷ്യം-1 ന്റെ സാമ്പിളായി എടുത്തിട്ടുണ്ട്. തിരഞ്ഞെടുത്ത 56 നികുതിദായകരുടെ സാമ്പിളിൽ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിടത്തെല്ലാം, ഈ നികുതിദായകർ ജനറേറ്റ് ചെയ്ത എല്ലാ ഇ-വേ ബില്ലുകളും പരിശോധിച്ചു.

ഓഡിറ്റ് ലക്ഷ്യം-2, പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പ്, വെട്ടിപ്പ് തടയുവാനുള്ള നടപടികളുടെ ഫലപ്രാപ്തി, വകുപ്പിനകത്തും വകുപ്പുകൾ തമ്മിലുമുള്ള ഏകോപനം മുതലായ എൻഫോഴ്സ്മെന്റ്/ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് വിലയിരുത്തിയത്. ഓഡിറ്റ് ലക്ഷ്യം-2ന് വേണ്ടി

[3] 94 ടാക്സ്പെയർ സർവീസസ് സർക്കിളുകളിൽ നിന്നും 2018-2022 ലെ 3.29 കോടി ഔട്ട്‌വേർഡ് സപ്ലൈയ്ക്കുവേണ്ടിയുള്ള ഇ-വേ ബില്ലുകളിൽ നിന്നും.

ഡെപ്യൂട്ടി കമ്മീഷണറുടെ (ഇന്റലിജൻസ്) 15 ഓഫീസുകളിൽ 50 ശതമാനം ഓഫീസുകളും അതായത് എട്ട് ഓഫീസുകൾ[4] സ്ട്രാറ്റിഫൈഡ് സാംപ്ലിംഗ് രീതി ഉപയോഗിച്ച് സാമ്പിളായി എടുത്തിട്ടുണ്ട്. ഈ എട്ട് ഓഫീസുകളിൽ നിന്ന്, ഇഡബ്ല്യൂബി-03-പാർട്ട് ബി[5] ബുക്ക് ചെയ്ത 200 കേസുകൾ സ്ട്രാറ്റിഫൈഡ് സാംപ്ലിംഗ് രീതി ഉപയോഗിച്ച് വിശദമായ ഓഡിറ്റിനായി എടുത്തിട്ടുണ്ട്.

### 1.5.5 അംഗീകാരം

2023 ഫെബ്രുവരിയിൽ നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന നികുതി കമ്മീഷണർ എന്നിവരുമായി ഒരു എൻട്രി കോൺഫറൻസ് നടത്തുകയും അതിൽ ഓഡിറ്റ് ലക്ഷ്യങ്ങളും സാമ്പിളുകളും ചർച്ച ചെയ്യുകയും ചെയ്തു. 2023 ഫെബ്രുവരി മുതൽ ഒക്ടോബർ വരെയാണ് ഓഡിറ്റ് നടത്തിയത്. 2024 ഏപ്രിലിൽ നികുതി വകുപ്പ് ജോയിന്റ് സെക്രട്ടറി, സംസ്ഥാന നികുതി കമ്മീഷണർ, നികുതി വകുപ്പ് സ്പെഷ്യൽ കമ്മീഷണർ എന്നിവരുമായി എക്സിറ്റ് കോൺഫറൻസ് നടത്തി. പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ കണ്ടെത്തലുകൾ കമ്മീഷണറും ജോയിന്റ് സെക്രട്ടറിയുമായി വിശദമായി ചർച്ച ചെയ്തു. എക്സിറ്റ് കോൺഫറൻസിലെ വകുപ്പിന്റെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും പ്രസക്തമായ ഖണ്ഡികകളിൽ ബാധകമായ ഇടങ്ങളിലെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രവർത്തനക്ഷമതാ ഓഡിറ്റിനിടെ അഡീഷണൽ ചീഫ് സെക്രട്ടറി (നികുതി വകുപ്പ്), സംസ്ഥാന നികുതി കമ്മീഷണർ, സ്പെഷ്യൽ കമ്മീഷണർ, മറ്റ് ജില്ലാ, ഫീൽഡ് തല ഉദ്യോഗസ്ഥർ എന്നിവർ നൽകിയ സഹായ സഹകരണങ്ങൾ ഓഡിറ്റ് അംഗീകരിക്കുന്നു.

## 1.6 ഓഡിറ്റ് കണ്ടെത്തലുകൾ

വരുമാനം സംരക്ഷിക്കുന്നതിൽ ഇ-വേ ബിൽ സംവിധാനത്തിന്റെ ഫലപ്രാപ്തി, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ വകുപ്പിന്റെ പാളിച്ചകൾ ശ്രദ്ധയിൽപ്പെട്ടത് എന്നിങ്ങനെ ഓഡിറ്റ് കണ്ടെത്തലുകളെ രണ്ട് വിശാലമായ വിഭാഗമായി തരംതിരിച്ചിട്ടുണ്ട്.

---

[4] കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, കണ്ണൂർ, കാസർകോട്, വയനാട്.

[5] ചരക്ക് നീക്കത്തിനിടയിൽ വാഹനം തടഞ്ഞ് പരിശോധിച്ചതിനെക്കുറിച്ചുള്ള എൻഫോഴ്സ്മെന്റ് ഓഫീസർമാരുടെ പരിശോധനാ റിപ്പോർട്ട്.

# അധ്യായം II

## വരുമാനം സംരക്ഷിക്കുന്നതിൽ ഇ–വേ ബിൽ സംവിധാനത്തിന്റെ കാര്യക്ഷമത

## അധ്യായം II
## വരുമാനം സംരക്ഷിക്കുന്നതിൽ ഇ-വേ ബിൽ സംവിധാനത്തിന്റെ കാര്യക്ഷമത

വേഗത്തിലും എളുപ്പത്തിലുമുള്ള ചരക്ക് ഗതാഗതത്തിന് വേണ്ടിയാണ് ഇ-വേ ബിൽ നടപ്പിലാക്കിയത്. എന്നിരുന്നാലും, ഇ-വേ ബിൽ കോമൺ പോർട്ടലും ജിഎസ്ടി കോമൺ പോർട്ടലും തമ്മിലുള്ള ഫലപ്രദമായ ഏകോപനത്തിന്റെ അഭാവം, ഓട്ടോമേറ്റഡ് സാധൂകരണ നിയന്ത്രണങ്ങളുടെ പരാജയത്തിലേക്ക് നയിച്ചു. റിട്ടേൺ ഫയൽ ചെയ്യാത്തവർക്കും രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട നികുതിദായകർക്കും ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ സിസ്റ്റം അനുവദിച്ചതും, ഒരേ ഇൻവോയ്സ് നമ്പറിനായി ഒന്നിലധികം ഇ-വേ ബില്ലുകളും, നിൽ റിട്ടേൺ[6] ഫയൽ ചെയ്താലും ഔട്ട്‌വേർഡ് സപ്ലൈയ്ക്കായി ജനറേറ്റ് ചെയ്യപ്പെടുന്ന ഇ-വേ ബില്ലുകളും, വരുമാന ചോർച്ചയ്ക്ക് കാരണമായി. കോമ്പോസിഷൻ നികുതിദായകരുടെ ചരക്കുകളുടെ നീക്കം അന്തർസംസ്ഥാനമാണോ സംസ്ഥാനത്തിനകത്താണോ എന്ന് വേർതിരിച്ചറിയാൻ കഴിയാത്തതിന്റെ അഭാവം കാരണം രണ്ട് സാഹചര്യങ്ങളിലും ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ സിസ്റ്റം അനുവദിച്ചു. ഇ-വേ ബില്ലുകളുടെ ഇടപാടുകളെ അടിസ്ഥാനമാക്കി തിരിച്ചറിഞ്ഞ നികുതിദായകർ, ഇൻവോയ്സുകൾ ജിഎസ്ടിആർ-1[7] റിട്ടേണിൽ രേഖപ്പെടുത്താത്തതും, തിരിച്ചു റിട്ടേണിൽ കാണിച്ച ഇൻവോയ്സുകൾക്ക് ഇ-വേ ബിൽ ജനറേറ്റ് ചെയ്യാത്തതും, നികുതി റിപ്പോർട്ടിങ്ങിന്റെ കൃത്യതയിൽ ആശങ്കകൾ ഉയർത്തുന്നു. കൂടാതെ, 50,000 രൂപയിൽ കൂടുതലുള്ള ഇൻവേർഡ് സപ്ലൈകളിൽ, ഒരു ഗണ്യമായ എണ്ണത്തിനും ഇ-വേ ബില്ലുകൾ ഇല്ലായിരുന്നു. ഇ-വേ ബില്ലുകളുടെ ഇടപാടുകളെ അടിസ്ഥാനമാക്കി തിരിച്ചറിഞ്ഞ നികുതിദായകരുടെ, ജിഎസ്ടിആർ-3ബി[8], ജിഎസ്ടിആർ-2എ[9] എന്നീ റിട്ടേണുകൾ തമ്മിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പൊരുത്തക്കേട് കാണിക്കുന്നതായും അവരിൽ ഒരു ഗണ്യമായ എണ്ണം അധിക ക്രെഡിറ്റ്, അവരുടെ നികുതി ബാധ്യതകൾ നികത്താൻ ഉപയോഗിക്കുന്നതായും കണ്ടുവരുന്നു. കൂടാതെ, നിഷ്ക്രിയ സ്വീകർത്താക്കളായ നികുതിദായകരെ ഇ-വേ ബില്ലുകളിൽ ഉൾപ്പെടുത്തുന്നത്, നികുതി വെട്ടിപ്പിന് കാരണമാകുന്നതായി കണ്ടെത്തുകയുണ്ടായി. ഒരേ പാൻ ഉപയോഗിച്ച് ഒന്നിലധികം രജിസ്ട്രേഷൻ എടുത്തിട്ടുള്ള നികുതിദായകരുടെ കാര്യത്തിൽ അനുവർത്തന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

### 2.1 വരുമാനം സംരക്ഷിക്കുന്നതിൽ ഇ-വേ ബിൽ സംവിധാനത്തിന്റെ കാര്യക്ഷമത

ഇ-വേ ബിൽ എന്നത് ചരക്കുകളുടെ നീക്കത്തിന് ആവശ്യമായ ഒരു രേഖയാണ്, അത് ചരക്കു നീക്കത്തിന് മുമ്പ് ചരക്കുകളുടെ വിശദാംശങ്ങൾ പിടിച്ചെടുക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ഔട്ട്‌വേർഡ് സപ്ലൈകൾക്കായി ജനറേറ്റ് ചെയ്യുന്ന ഇ-വേ ബില്ലുകളെ ഇൻവോയ്സുകൾ പിന്തുണയ്ക്കുന്നു, പ്രസ്തുത ഇൻവോയ്സ് വിശദാംശങ്ങൾ നികുതിദായകരുടെ ജിഎസ്ടി റിട്ടേണുകളിൽ രേഖപ്പെടുത്തേണ്ടതുണ്ട്.

2022 മാർച്ച് 31 വരെ, എസ്ജിഎസ്ടി വകുപ്പിന്റെ അധികാരപരിധിയിൽ 4,00,869 നികുതിദായകരുണ്ടായിരുന്നു[10]. 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ

6 നികുതി നൽകേണ്ട ഔട്ട്‌വേർഡ് സപ്ലൈയില്ലാതെ റിട്ടേണുകൾ ഫയൽ ചെയ്യുന്നു.

7 സാധാരണ നികുതിദായകന്റെ ചരക്കുകളുടെയോ സേവനങ്ങളുടെയോ ഔട്ട്‌വേർഡ് സപ്ലൈയുടെ പ്രതിമാസ വിശദാംശങ്ങൾ.

8 നികുതിദായകർ എല്ലാ മാസവും സമർപ്പിക്കേണ്ട ഒരു സ്വയം പ്രഖ്യാപിത ജിഎസ്ടി സംഗ്രഹ റിട്ടേൺ.

9 വിതരണക്കാരൻ നൽകുന്ന ഔട്ട്‌വേർഡ് സപ്ലൈകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് (സ്വീകർത്താക്കൾക്ക്) സ്വയമേവ പോപ്പുലേറ്റ് ചെയ്തുകിട്ടുന്ന റിട്ടേൺ.

10 സ്രോതസ്സ് : 2021-22 വർഷത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്.

ഔട്ട്‌വേർഡ് സപ്ലൈക്കായി[11] ജനറേറ്റ് ചെയ്ത മൊത്തം ഇ-വേ ബില്ലുകളുടെ എണ്ണം **പട്ടിക 2.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക – 2.1**
**2018–19 മുതൽ 2021–22 വരെയുള്ള കാലയളവിൽ നികുതിദായകർ ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകളുടെ ആകെ എണ്ണം**

| വർഷം | ഔട്ട്‌വേർഡ് സപ്ലൈ | |
|---|---|---|
| | ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകളുടെ എണ്ണം | നികുതിദായകരുടെ എണ്ണം |
| 2018-19 | 70,49,056 | 51,383 |
| 2019-20 | 83,12,920 | 54,408 |
| 2020-21 | 79,83,568 | 52,320 |
| 2021-22 | 95,97,599 | 53,943 |
| **ആകെ** | **3,29,43,143** | **2,12,054** |

സ്രോതസ്സ്: ജിഎസ്ടിഎൻ-ൽ നിന്നുള്ള ഡാറ്റ.

## 2.2 ഓഡിറ്റിന്റെ ഫലങ്ങൾ

സബ്സ്റ്റാന്റീവ് ഓഡിറ്റ്[12] നടത്തുന്നതിനായി 56 നികുതിദായകരെ ഓഡിറ്റ് തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത കേസുകളുടെ വിശദമായ സൂക്ഷ്മപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട, പോരായ്മകളുടെ വ്യാപ്തിയും തൽഫലമായി വരുമാനത്തിൽ ഉണ്ടാവുന്ന ആഘാതവും ചുവടെയുള്ള **പട്ടിക - 2.2**-ൽ നൽകുന്നു.

**പട്ടിക – 2.2**
**തിരഞ്ഞെടുത്ത കേസുകളിലെ നിരീക്ഷണങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | നിരീക്ഷണത്തിന്റെ സ്വഭാവം | നികുതിദായകരുടെ എണ്ണം | ഉൾപ്പെട്ടിരിക്കുന്ന നികുതി (കോടി രൂപയിൽ) |
|---|---|---|---|
| 1 | റിട്ടേൺ ഫയൽ ചെയ്യാത്തവർ എന്ന് തിരിച്ചറിഞ്ഞ നികുതിദായകർ നികുതി ബാധ്യത ഒടുക്കാതിരിക്കുന്നത്/ ഭാഗികമായി ഒടുക്കുന്നത് | 9 | 5.15# |
| 2 | രജിസ്ട്രേഷൻ റദ്ദാക്കിയതിന് ശേഷം ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്ത നികുതിദായകർ നികുതി ബാധ്യത ഒടുക്കാതിരിക്കുന്നത്/ ഭാഗികമായി ഒടുക്കുന്നത് | 13 | 1.43# |
| 3 | ഒരേ/ സമാന ഇൻവോയ്സുകൾ ഉപയോഗിച്ച് ഒന്നിലധികം ഇ-വേ ബില്ലുകൾ ഉള്ളതായി തിരിച്ചറിഞ്ഞ നികുതിദായകർ നികുതി ബാധ്യത ഭാഗികമായി ഒടുക്കിയത് | 2* | 0.02 |
| 4 | കോമ്പോസിഷൻ നികുതിദായകർ നികുതി ബാധ്യത ഒടുക്കാതിരിക്കുന്നത്/ ഭാഗികമായി ഒടുക്കുന്നത് | 1 | 0.36 |
| 5 | നിൽ ഫയലേഴ്സ് എന്ന് തിരിച്ചറിഞ്ഞ നികുതിദായകർ നികുതി ബാധ്യത ഒടുക്കാതിരിക്കുന്നത്/ ഭാഗികമായി ഒടുക്കുന്നത് | 17 | 3.92# |

---

[11] 2018-2022 കാലയളവിൽ ഇൻവേർഡ് സപ്ലൈക്കായി ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകളുടെ എണ്ണം 6,68,026 ആയിരുന്നു.

[12] കാരണം വിശദമായി വിശകലനം ചെയ്യുന്നതിനും നിലവിലെ ഗതിവിഗതികൾ ഉറപ്പു വരുത്തുന്നതിനും പിന്തുടരുന്ന പ്രക്രിയയാണ് സബ്സ്റ്റാന്റീവ് ഓഡിറ്റ്.

| ക്രമ നമ്പർ | നിരീക്ഷണത്തിന്റെ സ്വഭാവം | നികുതിദായകരുടെ എണ്ണം | ഉൾപ്പെട്ടിരിക്കുന്ന നികുതി (കോടി രൂപയിൽ) |
|---|---|---|---|
| 6 | ഒന്നിലധികം ഇൻവോയ്സുകൾ കൂട്ടി ച്ചേർത്ത് ഒറ്റ ഇ-വേ ബില്ലിന്റെ ജനറേഷൻ | 3 | -- |
| 7 | ജിഎസ്ടിആർ-1 റിട്ടേണിൽ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത ഇ-വേ ബില്ലുകളിലെ ഇൻവോയ്സുകൾ | 9 | 26.43# |
| 8 | ജിഎസ്ടിആർ-1 റിട്ടേണിൽ ഉൾപ്പെടു ത്തിയിട്ടുള്ള ഇൻവോയ്സുകൾക്കായുള്ള ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാത്തത് | 12 | -- |
| 9 | ഇ-വേ ബില്ലുകൾ പിന്തുണയ്ക്കാത്ത ഇൻവേർഡ് സപ്ലൈ | 4 | -- |
| 10 | ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിലെ പൊരുത്തക്കേട് | 11 | 38.98 |
| 11 | നിഷ്ക്രിയരായ സ്വീകർത്താക്കൾക്ക് ഇ-വേ ബില്ലുകൾ നൽകിയ നികുതി ദായകർ അവരുടെ നികുതി ബാധ്യത ഒടുക്കാതിരിക്കൽ | 1 | 2.22# |

സ്രോതസ്സ്: എജി (ഓഡിറ്റ് II) സമാഹരിച്ചത്.

* ഡ്യൂപ്ലിക്കേറ്റുകൾ നീക്കം ചെയ്തതിന് ശേഷമുള്ളത്.
# പിഴയും ഉൾപ്പെടുന്നു.

തിരഞ്ഞെടുത്ത 56 നികുതിദായകരുടെ സാമ്പിളുമായി ബന്ധപ്പെട്ടതാണ് ഓഡിറ്റ് കണ്ടെത്തലുകൾ. മുഴുവൻ നികുതിദായകരെയും പരിഗണിച്ചിരുന്നെങ്കിൽ, അതിൽ ഉൾപ്പെട്ടിരിക്കുന്ന വ്യതിയാനവും തുടർന്നുള്ള നികുതിയും വളരെ കൂടുതലായി രിക്കും.

നിരീക്ഷണങ്ങൾ ഇനിപ്പറയുന്ന ഖണ്ഡികകളിൽ വിശദമായി ചർച്ചചെയ്യുന്നു.

### 2.2.1 റിട്ടേൺ ഫയൽ ചെയ്യാത്തവർ എന്ന് തിരിച്ചറിഞ്ഞ നികുതിദായകർ നികുതി ബാധ്യത ഒടുക്കാതിരിക്കുകയോ/ ഭാഗികമായി ഒടുക്കുകയോ ചെയ്തത് സംബന്ധിച്ച്

2017ലെ എസ്ജിഎസ്ടി നിയമത്തിലെ 37-ാം വകുപ്പും, 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ 59(1) ചട്ടവും പ്രകാരം ഫോം ജിഎസ്ടിആർ-1ൽ എല്ലാ ഔട്ട്‌വേർഡ് സപ്ലൈയുടെയും വിശദാംശങ്ങൾ നൽകണമെന്ന് വിഭാവനം ചെയ്യുന്നു. 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ ചട്ടം 138ഇ, ഒരു രജിസ്റ്റർ ചെയ്ത നികുതിദായകൻ, നിശ്ചിത കാലയളവിൽ[13] ജിഎസ്ടി റിട്ടേണുകൾ ഫയൽ ചെയ്യാതിരുന്നാൽ, അയാളെ ഇ-വേ ബിൽ ജനറേറ്റ് ചെയ്യുന്നതിൽ നിന്നും തടയുന്നു. 2019 ഡിസംബർ മുതൽ ഇ-വേ ബിൽ കോമൺ പോർട്ടലിൽ ഇതുമായി ബന്ധപ്പെട്ട ഓട്ടോ-ചെക്ക് സംവിധാനം പ്രവർത്തനക്ഷമമാക്കി.

ഒമ്പത് നികുതിദായകരുടെ രേഖകൾ ഓഡിറ്റ് പരിശോധിച്ചപ്പോൾ, അവർ 2018 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ, 44.99 കോടി രൂപ മൂല്യമുള്ള 263 ഇ-വേ ബില്ലുകൾ ഔട്ട്‌വേർഡ് സപ്ലൈക്കായി ജനറേറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. രേഖകളുടെ സൂക്ഷ്മപരിശോധനയിൽ അവർ, ചുവടെ വിശദീകരിക്കുന്നതുപോലെ, ജിഎസ്ടി റിട്ടേൺ ഫയൽ ചെയ്യുകയുകയോ നികുതി ബാധ്യത തീർക്കുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തി (**അനുബന്ധം-II**):

[13] എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 10 പ്രകാരം നികുതിയടക്കുന്ന വ്യക്തികൾ ഫോം ജിഎസ്ടിആർ-4/ ജിഎസ്ടി-സിഎംപി-08, തുടർച്ചയായുള്ള രണ്ടു ത്രൈമാസം (കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്ത നികുതിദായകന്റെ റിട്ടേൺ; 2019-20 മുതൽ ജിഎസ്ടിആർ-4-ന് പകരം ജിഎസ്ടി-സിഎംപി-08 അവതരിപ്പിച്ചു), സാധാരണ നികുതിദായകർ ജിഎസ്ടിആർ-3ബി തുടർച്ചയായി രണ്ട് നികുതി കാലയളവിൽ, ഏതാണോ ബാധകം അത്.

(i) 130 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്ത നാല് നികുതിദായകരുടെ നികുതി ബാധ്യത നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ളതു പോലെ നിർണ്ണയിക്കാൻ വകുപ്പ് നടപടി ആരംഭിച്ചിട്ടില്ല. 1.36 കോടി രൂപ മൂല്യമുള്ള 97 ഇ-വേ ബില്ലുകളുമായി ബന്ധപ്പെട്ട് നികുതിയും പിഴയും ഇനത്തിൽ ഈടാക്കേണ്ടത് 0.45 കോടി രൂപയാണ്. 0.21 കോടി രൂപ മൂല്യമുള്ള ബാക്കിയുള്ള 33 ഇ-വേ ബില്ലുകളിൽ നികുതി എത്രയെന്ന് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ, നികുതി ബാധ്യത കണക്കാക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല.

(ii) 23.59 കോടി രൂപ മൂല്യം വരുന്ന, 1.36 കോടി രൂപയുടെ ജിഎസ്ടി ബാധ്യതയുള്ള 78 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്ത രണ്ട് നികുതി ദായകരുമായി ബന്ധപ്പെട്ട്, വിശദീകരണം ആവശ്യപ്പെട്ട് എഎസ്എംടി-10[14] നോട്ടീസ് നികുതിദായകർക്ക് നൽകിയിട്ടുണ്ടെങ്കിലും (2021 ജനുവരിക്കും ഓഗസ്റ്റിനും ഇടയിൽ), നികുതി ആവശ്യപ്പെടുന്നതിനും പിരിച്ചെടുക്കുന്ന തിനുമുള്ള തുടർനടപടികൾ വകുപ്പ് സ്വീകരിച്ചില്ല. നികുതിയും പിഴയും ഇനത്തിൽ അടയ്ക്കേണ്ട തുക 2.72 കോടി രൂപയാണ്.

(iii) 19.83 കോടി രൂപ മൂല്യമുള്ള, 1.98 കോടി രൂപയുടെ ജിഎസ്ടി ബാധ്യത വരുന്ന 55 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്ത മൂന്ന് നികുതിദായകർക്ക് നികുതി ബാധ്യത നിർണ്ണയിച്ചു നൽകിയെങ്കിലും, തുക വസൂലാക്കിയിട്ടില്ല.

കൂടാതെ, 2019 ഡിസംബറിൽ ഓട്ടോ-ചെക്ക് സംവിധാനം പ്രവർത്തനക്ഷമ മാക്കിയതിന് ശേഷവും ടിപിഎസ്സി തൃപ്പൂണിത്തുറയുടെ കീഴിലുള്ള ഒരു നികുതിദായകൻ, തുടർച്ചയായ രണ്ട് കാലയളവിലേക്ക് ജിഎസ്ടി റിട്ടേണുകൾ ഫയൽ ചെയ്തില്ലെങ്കിലും ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തതായി കണ്ടു.

ഇത് നിയമത്തിൽ വിഭാവനം ചെയ്തതുപോലെ, ജിഎസ്ടി റിട്ടേണുകൾ ഫയൽ ചെയ്യാത്തവരുടെ ഇ-വേ ബിൽ ജനറേഷൻ സൗകര്യങ്ങൾ തടയുന്ന തരത്തിൽ, ഇ-വേ ബിൽ കോമൺ പോർട്ടലിനും ജിഎസ്ടി കോമൺ പോർട്ടലിനും ഇടയിലുള്ള സാധൂകരണ നിയന്ത്രണത്തിന്റെ അഭാവത്തെ സൂചിപ്പിക്കുന്നു. ഇത് നികുതി ബാധ്യതയുടെ ഭാഗികമായ ഒടുക്കലിലേക്ക് നയിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), റിട്ടേൺ ഫയൽ ചെയ്യാത്തവർ ഇ-വേ ബില്ലുകൾ സൃഷ്ടിക്കുന്നത് 2021 വരെ മാത്രമേ നിലനിന്നിരുന്നുള്ളുവെന്നും, അതിനുശേഷം ജിഎസ്ടിഎൻ സിസ്റ്റം, ഫയൽ ചെയ്യാത്തവർ ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുന്നത് സ്വയമേവ തടയുന്നതായി സർക്കാർ അറിയിച്ചു (2024 ഏപ്രിൽ). സിസ്റ്റത്തിന്റെ പോരായ്മകൾക്ക് ആവശ്യമായ പരിഹാര നടപടി കൾക്കായി എൻഐസിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും സർക്കാർ വ്യക്തമാക്കി. കൂടാതെ, വൈപ്പിൻ ടിപിഎസ്സിക്ക് കീഴിലുള്ള ഒരു കേസിൽ, 2024 ഫെബ്രുവരി 14ലെ ഉത്തരവ് പ്രകാരം മൂല്യനിർണ്ണയം പൂർത്തിയാക്കിയതായും, ചാവക്കാട് ടിപിഎസ്സിക്ക് കീഴിലുള്ള ഒരു കേസിൽ, 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ 73-ാം വകുപ്പ് പ്രകാരം 1.11 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ഒല്ലൂർ ടിപിഎസ്സിക്ക് കീഴിലുള്ള മറ്റൊരു കേസിൽ നികുതി ബാധ്യത വിലയിരുത്തുന്നതിന് പ്രസ്തുത നിയമത്തിലെ വകുപ്പ് 62 പ്രകാരമുള്ള നടപടികൾ ആരംഭിച്ചതായും സർക്കാർ അറിയിച്ചു. ബാക്കിയുള്ള കേസുകളിൽ മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

### 2.2.2 രജിസ്ട്രേഷൻ റദ്ദാക്കിയതിന് ശേഷം ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്ത നികുതിദായകർ നികുതി ബാധ്യത ഒടുക്കാതിരിക്കുന്നത്/ഭാഗികമായി ഒടുക്കുന്നത് സംബന്ധിച്ച്

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ 63-ാം വകുപ്പ് പ്രകാരം, രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട നികുതി വിധേയനായ വ്യക്തി; നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണെങ്കിൽ, പ്രോപ്പർ ഓഫീസർക്ക് തന്റെ സവിശേഷമായ വിലയിരു ത്തലിലൂടെ പ്രസ്തുത വ്യക്തിയുടെ നികുതി ബാധ്യത നിർണ്ണയിക്കാവുന്നതാണ്.

[14] നികുതി, പലിശ, പിഴ എന്നിവയ്ക്കൊപ്പം ജിഎസ്ടി റിട്ടേണിലെ പൊരുത്തക്കേടുകൾ സൂചിപ്പിക്കുന്ന സൂക്ഷ്മപരിശോധനാ നോട്ടീസ്.

രജിസ്ട്രേഷൻ റദ്ദാക്കിയ[15] ഒമ്പത് നികുതിദായകരുടെ രേഖകൾ ഓഡിറ്റ് പരിശോധിച്ചു. ഈ നികുതിദായകർ റദ്ദാക്കൽ നിലവിൽ വന്ന തീയതിക്ക് ശേഷം ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു, ഇത് ഇനിപ്പറയുന്ന നിരീക്ഷണങ്ങളിലേക്ക് നയിച്ചു.

- ഏഴ് കേസുകളിൽ, 2.07 കോടി രൂപയുടെ ഔട്ട്‌വേർഡ് സപ്ലൈയ്ക്കായി ആകെ 164 ഇ-വേ ബില്ലുകൾ റദ്ദാക്കിയ തീയതിക്ക് ശേഷം ജനറേറ്റു ചെയ്തു, എന്നാൽ നികുതി ബാധ്യത കണക്കാക്കിയില്ല. 164 ഇ-വേ ബില്ലുകളുമായി ബന്ധപ്പെട്ട് അടയ്ക്കേണ്ട നികുതിയും പിഴയും 0.73 കോടി രൂപയാണ് (**അനുബന്ധം-III**).

- 1.98 കോടി രൂപയ്ക്കുള്ള ഔട്ട്‌വേർഡ് സപ്ലൈ നടത്തുകയും, ജിഎസ്ടിആർ-1 ഫയൽ ചെയ്തുകൊണ്ട് സ്വീകർത്താക്കൾക്ക് 0.36 കോടി രൂപയുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി) കൈമാറുകയും ചെയ്ത മൂന്ന് നികുതിദായകർ നികുതി ഒടുക്കുന്നതിൽ പരാജയപ്പെട്ടു. എന്നിരുന്നാലും, 0.09 കോടി രൂപയുടെ ഐടിസി കൈമാറിയ രണ്ട് നികുതിദായകർക്ക് വകുപ്പ് നികുതി ബാധ്യത നിർണ്ണയിച്ചു നൽകിയില്ല. ബാക്കിയുള്ള ഒരു കേസിൽ ബാധ്യത സൃഷ്ടിക്കപ്പെട്ടെങ്കിലും നികുതി വസൂലാക്കിയില്ല (**അനുബന്ധം-IV**).

- റദ്ദാക്കൽ പ്രാബല്യത്തിൽ വന്ന തീയതിക്കു ശേഷവും മൂന്ന് നികുതി ദായകർ **അനുബന്ധം-V** ൽ നൽകിയിരിക്കുന്നത് പോലെ, 72 ഇ-വേ ബില്ലുകൾ വഴി 1.92 കോടി രൂപയുടെ ഇൻവേർഡ് സപ്ലൈ നടത്തി. ഇവരുടെ ഇൻവേർഡ് സപ്ലൈയിൻമേലുള്ള 0.35 കോടി രൂപയുടെ നികുതി ബാധ്യത നിർണ്ണയിക്കാൻ വകുപ്പ് നടപടി ആരംഭിച്ചില്ല.

നികുതിദായകന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ റദ്ദാക്കുന്ന സാഹചര്യത്തിൽ പോലും, റദ്ദാക്കൽ നിലവിൽ വന്ന തീയതിക്ക് ശേഷം, ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ സിസ്റ്റം അനുവദിക്കുന്നു. ഇത് ജിഎസ്ടിഎന്നും ഇ-വേ ബില്ലിന്റെ കോമൺ പോർട്ടലും തമ്മിലുള്ള ഏകോപനത്തിന്റെ അപര്യാപ്തത സൂചിപ്പിക്കുകയും, ഇത് നികുതി ബാധ്യത ഒടുക്കാതിരിക്കലിലേക്കോ അല്ലെങ്കിൽ ഭാഗികമായ ഒടുക്കലിലേക്കോ നയിക്കുകയും ചെയ്യുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), സിസ്റ്റത്തിന്റെ ന്യൂനതകൾക്ക് ആവശ്യമായ പരിഹാര നടപടികൾ എടുക്കുന്നതിനായി എൻഐസിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). നികുതി ബാധ്യത ഒടുക്കാത്തത്/ ഭാഗികമായി ഒടുക്കിയത് സംബന്ധിച്ച മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

### 2.2.3 ഒരേ/ സമാന ഇൻവോയ്സുകൾ ഉപയോഗിച്ച് ഒന്നിലധികം ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തതായി തിരിച്ചറിഞ്ഞ നികുതിദായകർ നികുതി ബാധ്യത ഭാഗികമായി ഒടുക്കിയത്

2017 ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ, ചട്ടം 46(ബി) പ്രകാരം, രജിസ്റ്റർ ചെയ്ത വ്യക്തി പതിനാറ് അക്ഷരങ്ങളിൽ കൂടാത്ത, തുടർച്ചയായ ക്രമ നമ്പർ അടങ്ങുന്ന, ഓരോ സാമ്പത്തിക വർഷത്തേക്കുള്ള, ഒരു തനതായ നികുതി ഇൻവോയ്സ് നൽകേണ്ടതാണ്. എൻഐസി പുറത്തിറക്കിയ ഉപയോക്തൃ മാനുവലിന്റെ ഖണ്ഡിക 5.1 പ്രകാരം, ഇ-വേ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ നികുതിദായകൻ ചരക്കുമായി ബന്ധപ്പെട്ട ഡോക്യുമെന്റ് നമ്പർ നൽകേണ്ടതുണ്ട്. അങ്ങനെ നൽകിയ ഡോക്യുമെന്റ് നമ്പർ സമാനമില്ലാത്തതായിരിക്കണം. ഇൻവോയ്സ് നമ്പർ ആണ് വിതരണവുമായി ബന്ധപ്പെട്ട ചരക്കുകളെ സംബന്ധിച്ച ഡോക്യുമെന്റ് നമ്പർ. അതിനാൽ, ഓരോ ഇൻവോയ്സിന്റെയും അടിസ്ഥാനത്തിൽ ഒരു ഇ-വേ ബിൽ മാത്രമേ ജനറേറ്റ് ചെയ്യാവൂ.

[15] വകുപ്പ് സ്വമേധയാ റദ്ദാക്കിയത്: 6, നികുതിദായകന്റെ അപേക്ഷ പ്രകാരം: 3.

12 ടാക്സ്പെയർ സർവീസസ് സർക്കിളുകൾക്ക്[16] കീഴിലുള്ള 20 നികുതിദായകർ, ചരക്കുനീക്കത്തിനായി ഒരേ ഇൻവോയ്സോ സമാന ഇൻവോയ്സുകളോ ഉപയോഗിച്ച് ഒന്നിലധികം ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഒരൊറ്റ ഇൻവോയ്സിൻമേലുള്ള വിവിധ ഇ-വേ ബില്ലുകളുടെ എണ്ണം രണ്ട് മുതൽ മൂന്ന് വരെയാണ്. രണ്ട് നികുതിദായകർ (ഒരാൾ ടിപിഎസ്സി, പനമ്പിള്ളി നഗറിന്റെയും, ഒരാൾ ടിപിഎസ്സി, വൈറ്റിലയുടെയും കീഴിൽ), എല്ലാ ചരക്കുകളും വെളിപ്പെടുത്തുന്നതിന് പകരം, ഒന്നുകിൽ അതിൽ ഒരു ചരക്ക് ജിഎസ്ടിആർ-1ൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ ഒന്നും രേഖപ്പെടുത്താതിരിക്കുകയോ ചെയ്തു. അതിലൂടെ, റിട്ടേണുകളിൽ 0.25 കോടി രൂപയുടെ വിറ്റുവരവിന്റെ കുറവ് രേഖപ്പെടുത്തുകയും തൽഫലമായി 0.02 കോടി രൂപ[17] വരുന്ന നികുതി ബാധ്യത ഒടുക്കുന്നതിൽ കുറവ് ഉണ്ടാവുകയും ചെയ്തു.

ഇത് ഒരേ/ സമാന ഇൻവോയ്സുകൾ ഉപയോഗിച്ച് ഒന്നിലധികം ഇ-വേ ബിൽ ജനറേറ്റ് ചെയ്യുന്നത് നിയന്ത്രിക്കുന്നതിൽ, ഇ-വേ ബിൽ കോമൺ പോർട്ടലിൽ ഉണ്ടാകേണ്ട സാധൂകരണ നിയന്ത്രണങ്ങളുടെ അഭാവത്തെ സൂചിപ്പിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), ചങ്ങനാശ്ശേരി ടിപിഎസ്സിക്ക് കീഴിലുള്ള രണ്ട് കേസുകളിൽ, ഇ-വേ ബില്ലിന്റെ പ്രാരംഭ കാലഘട്ടത്തിലെ ചില സാങ്കേതിക തകരാറുകൾ കാരണം ഒന്നിലധികം ഇ-വേ ബില്ലുകൾ ജനറേറ്റു ചെയ്യപ്പെട്ടതായി സർക്കാർ അറിയിച്ചു (2024 മേയ്). സിസ്റ്റത്തിൽ വ്യവസ്ഥാപരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് മറുപടി സ്ഥിരീകരിക്കുന്നു. ബാക്കിയുള്ള 18 കേസുകളിൽ മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

### 2.2.4 കോമ്പോസിഷൻ നികുതിദായകർ നികുതി ബാധ്യത ഒടുക്കാതിരിക്കുന്നത്/ ഭാഗികമായി ഒടുക്കുന്നത് സംബന്ധിച്ച്

2017-ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 10(1) പ്രകാരം, രജിസ്റ്റർ ചെയ്ത വ്യക്തിക്ക്, മുൻ സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവരവ്, നിശ്ചിത പരിധിയിൽ[18] കവിഞ്ഞില്ലെങ്കിൽ, കോമ്പോസിഷൻ സ്കീമിന് കീഴിൽ നികുതി അടയ്ക്കാൻ തിരഞ്ഞെടുക്കാം. ഇതേ നിയമത്തിലെ വകുപ്പ് 10(2)(സി), രജിസ്റ്റർ ചെയ്ത വ്യക്തി ഏതെങ്കിലും അന്തർ-സംസ്ഥാന ഔട്ട്വേർഡ് സപ്ലൈയിൽ ഏർപ്പെട്ടുവെങ്കിൽ, കോമ്പോസിഷൻ സ്കീം തിരഞ്ഞെടുക്കാൻ യോഗ്യനല്ലെന്ന് വ്യവസ്ഥ ചെയ്യുന്നു. 2017-ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം, വകുപ്പ് 10-ൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ദിവസം മുതൽ, നികുതിദായകൻ മുകളിൽ പറഞ്ഞിരിക്കുന്ന നിയമത്തിലെ 9(1) വകുപ്പ് പ്രകാരം നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

രണ്ട് ടാക്സ്പെയർ സർവീസസ് സർക്കിളിന്[19] കീഴിൽ വരുന്ന രണ്ട് കോമ്പോസിഷൻ നികുതിദായകരുടെ രേഖകൾ ഓഡിറ്റ് പരിശോധിച്ചതിൽ, അന്തർസംസ്ഥാന ഔട്ട്വേർഡ് സപ്ലൈയ്ക്ക് ഇ-വേ ബില്ലുകൾ[20] ജനറേറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. അതായത്, കോമ്പോസിഷൻ നികുതിദായകർ അന്തർസംസ്ഥാന ഔട്ട്വേർഡ് സപ്ലൈക്കു വേണ്ടി ഇ-വേ ബില്ലുകൾ സൃഷ്ടിക്കുന്നത് തടയുന്നതിൽ സിസ്റ്റം പരാജയപ്പെട്ടു.

---

16 തൃപ്പൂണിത്തുറ, ചങ്ങനാശ്ശേരി, ഒല്ലൂർ, എറണാകുളം നോർത്ത്, പനമ്പിള്ളി നഗർ, കവടിയാർ, കോട്ടയം ടൗൺ, ഫോർട്ട്, വൈറ്റില, തൃശ്ശൂർ സിറ്റി, കാക്കനാട്, കോട്ടയം ഈസ്റ്റ്.

17 ടിപിഎസ്സി പനമ്പിള്ളി നഗറിന്റെ കീഴിലുള്ള നികുതിദായകൻ, 2018-19, ഒരു ഇൻവോയ്സ്, ജിഎസ്ടി: 0.46 ലക്ഷം രൂപ.
ടിപിഎസ്സി വൈറ്റിലക്ക് കീഴിലുള്ള നികുതിദായകൻ, 2018-19, 19 ഇൻവോയ്സുകൾ, ജിഎസ്ടി: 1.76 ലക്ഷം രൂപ.

18 കോമ്പോസിഷൻ സ്കീമിന് അർഹത നേടുന്നതിനുള്ള പ്രതിവർഷ പരിധി 75 ലക്ഷം രൂപയായിരുന്നു, 2017 ഒക്ടോബർ 13 മുതൽ ഒരു കോടി രൂപയായും 2019 ഏപ്രിൽ 1 മുതൽ 1.5 കോടി രൂപയായും ഉയർത്തി.

19 ഒറ്റപ്പാലം, കോട്ടയം ടൗൺ.

20 ഇ-വേ ബിൽ നമ്പർ 531044130089, 581044310855, 511064347931 തമിഴ്നാടിനും 591146156684 ഹരിയാനയ്ക്കും നൽകിയത്.

ടിപിഎസ്സി ഒറ്റപ്പാലത്തിന് കീഴിലുള്ള ഒരു നികുതിദായകൻ, 2018–19 മുതൽ 2019–20 വരെയുള്ള കാലയളവിൽ അന്തർസംസ്ഥാന ഔട്ട്വേർഡ് സപ്ലൈയ്ക്കായുള്ള ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തു. ചരക്കുകളുടെ അന്തർസംസ്ഥാന ഔട്ട്വേർഡ് സപ്ലൈയ്ക്കായുള്ള ഇ-വേ ബിൽ 2018 ജൂലൈ 25-ന് ആദ്യമായി ജനറേറ്റുചെയ്തു, അതിനാൽ അന്നു മുതൽ സാധാരണ നികുതിദായകനായി നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. എന്നിരുന്നാലും, അയാളെ ഒരു സാധാരണ നികുതിദായകൻ എന്ന നിലയിൽ പരിഗണിച്ച് നികുതി ബാധ്യതയായ 0.36 കോടി[21] രൂപ കണക്കാക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), ഒരു കേസിൽ 2018–19 വർഷത്തിൽ 0.46 കോടി രൂപ ആവശ്യപ്പെടുന്ന ഡിആർസി-07-ഉം, 2019–20 വർഷത്തിൽ എഎസ്എംടി-10-ഉം നൽകിയിട്ടുള്ളതായി സർക്കാർ മറുപടി നൽകി. ശേഷിക്കുന്ന കേസിന്റെ മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

### 2.2.5 നിൽ ഫയലേർസ് എന്ന് തിരിച്ചറിഞ്ഞ നികുതിദായകർ നികുതി ബാധ്യത ഒടുക്കാതിരിക്കുന്നത്/ ഭാഗികമായി ഒടുക്കുന്നത് സംബന്ധിച്ച്

2017-ലെ എസ്ജിഎസ്ടി നിയമത്തിലെ 37-ാം വകുപ്പ്, 2017-ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ, ചട്ടം 59(1) എന്നിവ പ്രകാരം, സാധാരണ നികുതിദായകർ ജിഎസ്ടിആർ-1-ൽ ഔട്ട്വേർഡ് സപ്ലൈകളുടെ വിശദാംശങ്ങൾ നൽകണം. കൂടാതെ, അതെ നിയമത്തിലെ 39-ാം വകുപ്പ് അനുസരിച്ച്, അവർ ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയും ഇൻവേർഡ് സപ്ലൈയുടെയും ഔട്ട്വേർഡ് സപ്ലൈയുടെയും, ലഭിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റേയും, അടയ്ക്കേണ്ട നികുതിയുടെയും, അടച്ച നികുതിയുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തികൊണ്ട് ജിഎസ്ടിആർ-3ബി-യിൽ റിട്ടേൺ നൽകേണ്ടതുണ്ട്. ഇതേ നിയമത്തിലെ 61, 63 വകുപ്പുകൾ പ്രകാരം, റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്കും നികുതി ബാധ്യത വിലയിരുത്തുന്നതിനും പ്രോപ്പർ ഓഫീസർക്ക് അധികാരമുണ്ട്.

ഒൻപത് ടാക്സ്പെയർ സർവീസസ് സർക്കിളുകൾക്ക് കീഴിൽ വരുന്ന 12 നികുതിദായകർ 13.18 കോടി രൂപയുടെ ഔട്ട്വേർഡ് സപ്ലൈയ്ക്കായി 96 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തെങ്കിലും അവർ നിൽ റിട്ടേൺ ഫയൽ ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നിരുന്നാലും, എസ്ജിഎസ്ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഉള്ള നികുതി ബാധ്യത വിലയിരുത്താൻ വകുപ്പ് നടപടി ആരംഭിച്ചില്ല. 12.89 കോടി രൂപ മൂല്യമുള്ള 92 ഇ-വേ ബില്ലുകളിൽ ചുമത്തേണ്ട നികുതിയും പിഴയും 2.22 കോടി രൂപയാണ്. 0.29 കോടി രൂപ മൂല്യമുള്ള ബാക്കിയുള്ള നാല് ഇ-വേ ബില്ലുകളിൽ ഉൾപ്പെട്ട നികുതി എത്രയെന്ന് സൂചിപ്പിക്കാത്തതിനാൽ, നികുതി ബാധ്യത കണക്കാക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല (**അനുബന്ധം-VI**).

കൂടാതെ, നാല് കേസുകളിൽ, നികുതിദായകർ ജിഎസ്ടിആർ-1-ലെ റിട്ടേൺ പ്രകാരം 15.05 കോടി രൂപയുടെ ഔട്ട്വേർഡ് സപ്ലൈ കാണിക്കുകയും അവരുടെ സ്വീകർത്താക്കൾക്ക് 1.70 കോടി രൂപയുടെ ഐടിസി കൈമാറുകയും ചെയ്തുവെങ്കിലും, ജിഎസ്ടിആർ-3ബി-യിൽ അവർ തങ്ങളുടെ നികുതി ബാധ്യത തീർത്തില്ല (**അനുബന്ധം-VII**).

2019 ഡിസംബർ മുതൽ ഇ-വേ ബിൽ പോർട്ടൽ ജിഎസ്ടിഎൻ പോർട്ടലുമായി സംയോജിപ്പിച്ചിട്ടുണ്ടെങ്കിലും ഇ-വേ ബിൽ ഇടപാടുകൾ നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകളുമായി ബന്ധപ്പെടുത്തിയിട്ടില്ലെന്ന് ഇ-വേ ബിൽ ഇടപാടുകൾ റിപ്പോർട്ട് ചെയ്യാത്തത് സൂചിപ്പിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), എല്ലാ ഇ-വേ ബില്ലുകളും സപ്ലൈയുമായി ബന്ധപ്പെട്ടതല്ലെന്നും, ചില സന്ദർഭങ്ങളിൽ വെയർഹൗസിൽ നിന്ന്

[21] 25.07.2018 മുതൽ 31.03.2020 വരെയുള്ള മൊത്തം ഇ-വേ ബിൽ മൂല്യം: 197.56 ലക്ഷം രൂപ. കൈകാര്യം ചെയ്ത ചരക്ക്, 18 ശതമാനം നിരക്കിൽ ജിഎസ്ടി വരുന്ന 9403 – മറ്റ് ഫർണിച്ചറുകൾ ആയിരുന്നു.

വെയർഹൗസിലേക്കുള്ള ചരക്കുകളുടെ നീക്കത്തിനായി ജനറേറ്റ് ചെയ്യുന്നതാണെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഇ–വേ ബില്ലിന്റെ ഭാഗം എ–യിൽ, ജനറേറ്റ് ചെയ്തത് ഡെലിവറി ചലാനോ ഇൻവോയ്സിനോ വേണ്ടി യാണോ എന്ന് വ്യക്തമായി സൂചിപ്പിക്കുന്നതിനാലും, ചൂണ്ടിക്കാട്ടിയ കേസുകളി ലെല്ലാം ഇ–വേ ബിൽ ജനറേറ്റ് ചെയ്തത് ഇൻവോയ്സിനു വേണ്ടിയുള്ളതായതി നാലും ഈ മറുപടി സ്വീകാര്യമല്ല. സിസ്റ്റത്തിന്റെ പോരായ്മകൾക്ക് ആവശ്യമായ പരിഹാര നടപടികൾ എടുക്കുവാനായി എൻഐസിയുടെ ശ്രദ്ധയിൽപ്പെടുത്തു മെന്ന് സർക്കാർ വ്യക്തമാക്കി. നികുതി ബാധ്യത ഭാഗികമായി ഒടുക്കിയത്/ ഒടുക്കാതിരുന്നത് സംബന്ധിച്ച്, രണ്ട് കേസുകളിൽ (ഒന്ന് ടിപിഎസ്സി ഒല്ലൂരിനും മറ്റൊന്ന് ടിപിഎസ്സി ചാവക്കാടിനും കീഴിലുള്ളത്) നികുതിദായകർക്ക് ജിഎസ്ടി ഡിആർസി–01–ൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് സർക്കാർ അറിയിച്ചു. ബാക്കിയുള്ള രണ്ട് കേസുകൾക്കുള്ള മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

### 2.2.6 ഒന്നിലധികം ഇൻവോയ്സുകൾ കൂട്ടിച്ചേർത്ത് ഒറ്റ ഇ–വേ ബില്ലിന്റെ ജനറേഷൻ

എൻഐസി പുറത്തിറക്കിയ ഉപയോക്തൃ മാനുവലിന്റെ ഖണ്ഡിക 5.1 പ്രകാരം, ഓരോ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ഒരു ഇ–വേ ബിൽ മാത്രമേ ജനറേറ്റ് ചെയ്യാവൂ. കേരള എസ്ജിഎസ്ടി വകുപ്പും[22] സിബിഐസിയും[23] ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

മൂന്ന് ടാക്സ്പെയർ സർവീസസ് സർക്കിളുകൾക്ക് കീഴിലെ മൂന്ന് നികുതി ദായകർ, ഒരു ഇ–വേ ബിൽ ജനറേറ്റ് ചെയ്യുന്നതിന് ഒന്നിലധികം ഇൻവോയ്സുകൾ കൂട്ടിച്ചേർത്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. **അനുബന്ധം–VIII**-ൽ നൽകിയിരി ക്കുന്നത് പോലെ 2018–19 മുതൽ 2020–21 വരെയുള്ള കാലയളവിൽ ഒന്നിലധികം ഇൻവോയ്സുകൾ കൂട്ടിച്ചേർത്ത് 482 ഇ–വേ ബില്ലുകൾ ജനറേറ്റുചെയ്തതായും, ഒരൊറ്റ ഇ–വേ ബില്ലിനായി രണ്ട് മുതൽ മൂന്ന് വരെ ഇൻവോയ്സുകൾ ഉപയോഗിച്ചതായും കണ്ടെത്തി. ഇത് ഇ–വേ ബിൽ കോമൺ പോർട്ടലിലെ ഇൻവോയ്സുകൾ കൂട്ടിച്ചേർത്തുള്ള ഇ–വേ ബിൽ ജനറേഷൻ നിയന്ത്രിക്കുന്നതി നായുള്ള സാധൂകരണ നിയന്ത്രണങ്ങളുടെ അഭാവത്തെ സൂചിപ്പിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), കണ്ണൂർ നോർത്ത് ടിപിഎസ്സിക്ക് കീഴിലുള്ള ഒരു കേസിൽ, നികുതിദായകൻ ഒന്നിലധികം ഇൻവോയ്സുകൾക്കായി ഒറ്റ ഇ–വേ ബിൽ ജനറേറ്റു ചെയ്യുന്നത് വകുപ്പ് പുറപ്പെടുവിച്ച വിശദീകരണവുമായി പൊരുത്തപ്പെടുന്നില്ലെങ്കിലും, ഇ–വേ ബില്ലുകളിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ ഇൻവോയ്സുകളും ജിഎസ്ടിആർ–1ൽ ഉൾപ്പെട്ടിട്ടുള്ളതായും ജിഎസ്ടിആർ–3ബി ഫയൽ ചെയ്ത് നികുതി ഒടുക്കിയതായും സർക്കാർ മറുപടി നൽകി. ഒരു സപ്ലൈയും മറച്ചുവയ്ക്കാൻ ഉദ്ദേശമില്ലായിരുന്നുവെന്നും, എന്നാൽ ഇ–വേ ബില്ലുകൾ ജനറേറ്റ് ചെയ്യുന്നതിലെ നിയമ വ്യവസ്ഥകളെക്കുറിച്ച് ശരിയായ ധാരണ യില്ലാത്തതിനാലാണ് ഈ നിർവ്യാജമായ പിശക് ഉണ്ടായതെന്നും കൂട്ടിച്ചേർത്തു. ഇത് സംബന്ധിച്ചു പുറപ്പെടുവിച്ച വിശദീകരണക്കുറിപ്പിന് വിരുദ്ധമാണ് ഇത് എന്ന വസ്തുത നിലനിൽക്കുന്നു. ബാക്കിയുള്ള രണ്ട് കേസുകളിൽ മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

***ശുപാർശ 1:***

***റിട്ടേൺ ഫയൽ ചെയ്യാത്തവർ, നിൽ റിട്ടേൺ ഫയൽ ചെയ്യുന്നവർ, രജിസ്ട്രേഷൻ റദ്ദാക്കിയവർ എന്നിവർ ഇ–വേ ബിൽ ജനറേറ്റ് ചെയ്യുന്നത്, ഒരു/ സമാന ഇൻവോയ്സിൽ ഒന്നിലധികം ഇ–വേ ബില്ലുകൾ, ഒന്നിലധികം ഇൻവോയ്സുകൾക്ക് ഒരു ഇ–വേ ബിൽ, കോമ്പോസിഷൻ നികുതിദായകർ അന്തർസംസ്ഥാന ഔട്ട്വേർഡ് സപ്ലൈയ്ക്ക് ഇ–വേ ബിൽ ജനറേറ്റ് ചെയ്യുക തുടങ്ങിയ സിസ്റ്റത്തിലെ പോരായ്മകൾ പരിഹരിക്കാൻ സർക്കാർ എൻഐസിയെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. കൂടാതെ, ഇ–വേ ബിൽ***

[22] 2018 ഏപ്രിലിൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത പ്രധാന കാര്യങ്ങൾ.

[23] 2019 ജൂണിൽ സിബിഐസി പുറത്തിറക്കിയ എഫ്എക്യുകൾ.

***ഡാറ്റ വിശകലനം ചെയ്ത് ഉയർന്ന റിസ്കുള്ള ഇടപാടുകൾ/ നികുതിദായകരെ തിരിച്ചറിയുവാനും റെഡ് ഫ്ളാഗ് ചെയ്യുന്നതിനും, ശക്തമായ ഒരു സംവിധാനം അവതരിപ്പിക്കേണ്ടതും അത്തരം ഉയർന്ന റിസ്കുള്ള നികുതിദായകരുടെ റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് മുൻഗണന നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്.***

### 2.2.7 സാധാരണ നികുതിദായകർ ഇൻവോയ്സുകൾ റിപ്പോർട്ട് ചെയ്യാത്തതും ഇൻവോയ്സുകൾക്കായി ഇ-വേ ബില്ലുകൾ ജനറേറ്റു ചെയ്യാത്തതും

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ 37-ാം വകുപ്പും, എസ്ജിഎസ്ടി ചട്ടങ്ങളിലെ 59(1) ചട്ടവും, എല്ലാ ഔട്ട്‌വേർഡ് സപ്ലൈകളും ജിഎസ്ടിആർ-1ൽ റിപ്പോർട്ട് ചെയ്യണമെന്ന് വ്യക്തമാക്കുന്നു. 2017-ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ ചട്ടം 138 പ്രകാരം, 50,000 രൂപയിൽ കൂടുതലുള്ള ചരക്കുകളുടെ നീക്കത്തിന് ഇ-വേ ബിൽ ആവശ്യമാണ്.

#### (എ) ഇ-വേ ബില്ലുകളിലെ ഇൻവോയ്സുകൾ റിട്ടേണുകളിൽ റിപ്പോർട്ട് ചെയ്യാതിരുന്നത്

ഏഴ് ടാക്സ്പെയർ സർവീസസ് സർക്കിളുകളിലായി ഒമ്പത് നികുതിദായകർ[24], 16,799 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തെങ്കിലും ജിഎസ്ടിആർ-1ൽ ഇൻവോയ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഈ സപ്ലൈകളുടെ ആകെ ഇൻവോയ്സ് മൂല്യം 132.77 കോടി രൂപയായിരുന്നു. ഇത് റിപ്പോർട്ട് ചെയ്യാത്തത് **അനുബന്ധം-IX**-ൽ വിവരിച്ചിരിക്കുന്നതുപോലെ 26.43 കോടി രൂപയുടെ നികുതി വെട്ടിപ്പിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), കണ്ണൂർ സൗത്തിലെ ടിപിഎസ്സിക്ക് കീഴിലുള്ള ഒരു കേസിൽ വിധിനിർണ്ണയ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വിശദമായ മറുപടി എത്രയും വേഗം നൽകുമെന്നും സർക്കാർ അറിയിച്ചു (2024 മേയ്). ബാക്കിയുള്ള എട്ട് കേസുകളിൽ മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

#### (ബി) ജിഎസ്ടിആർ-1ൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻവോയ്സുകൾക്കായി ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാത്തത്

10 ടാക്സ്പെയർ സർവീസസ് സർക്കിളുകളിലായി 12 നികുതിദായകർ ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകൾ ജിഎസ്ടിആർ-1-മായി ചേർത്ത് പരിശോധിച്ചപ്പോൾ, **അനുബന്ധം-X**-ൽ കൊടുത്തിട്ടുള്ളതുപോലെ ജിഎസ്ടിആർ-1ൽ ഉൾപ്പെടുത്തിയിട്ടുള്ള 3,352 ഇൻവോയ്സുകൾക്ക്[25] ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തിട്ടില്ലെന്ന് കണ്ടെത്തി. ചരക്ക് വിതരണവുമായി മാത്രം ബന്ധപ്പെട്ടതാണോ ഇൻവോയ്സുകൾ എന്ന് റിട്ടേണുകളിൽ നിന്ന് ഓഡിറ്റിന് കണ്ടെത്താൻ കഴിയാത്തതിനാൽ, വകുപ്പ് പരിശോധിക്കുകയും ഭാവി നടപടി സ്വീകരിക്കേണ്ടതുമാണ്. 50,000 രൂപയിൽ കൂടുതൽ മൂല്യമുള്ള ചരക്കുകൾ ഇ-വേ ബിൽ ജനറേറ്റു ചെയ്യാതെ കൊണ്ടു പോകുന്നത്, നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധവും വകുപ്പ് 122(xiv) പ്രകാരം വ്യക്തമാക്കിയ നിരക്കിൽ പിഴ ഈടാക്കാവുന്നതുമാണ്.

#### (സി) ഇ-വേ ബിൽ പിന്തുണയ്ക്കാത്ത ഇൻവേർഡ് സപ്ലൈ

2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ നാല് നികുതിദായകർ, 0.68 കോടി രൂപയുടെ ഇൻവേർഡ് സപ്ലൈയുമായി ബന്ധപ്പെട്ട 50,000 രൂപയിൽ കൂടുതൽ മൂല്യമുള്ള 33 ഇൻവോയ്സുകൾ അക്കൗണ്ട് ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത് **അനുബന്ധം-XI**-ൽ വിവരിച്ചിരിക്കുന്നു. എന്നിരുന്നാലും, ഈ ഇൻവോയ്സുകൾക്കായി ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തിട്ടില്ല.

[24] റിട്ടേണുകൾ സമർപ്പിക്കുകയും നികുതി അടയ്ക്കുകയും ചെയ്ത നികുതിദായകർ.

[25] ബിസിനസ്സ് ടു ബിസിനസ്സ് ഇൻവോയ്സുകൾ.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), ടിപിഎസ്‌സി ഒല്ലൂരിന് കീഴിലുള്ള ഒരു കേസിൽ, 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 62 പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് നൽകുമെന്നും സർക്കാർ അറിയിച്ചു (2024 നവംബർ). ബാക്കിയുള്ള മൂന്ന് കേസുകളിൽ മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

***ശുപാർശ 2:***

***ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയും എന്നാൽ നികുതി ബാധ്യത തീർക്കാതിരിക്കുകയും ചെയ്യുന്ന നികുതിദായകരെ തിരിച്ചറിയുന്നതിന് അനുയോജ്യമായ ഒരു സംവിധാനം രൂപപ്പെടുത്തുന്നത് സർക്കാരിന് പരിഗണിക്കാം, അത്തരം നികുതിദായകരുടെ റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് മുൻഗണന നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യാം.***

## 2.2.8 ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിലെ പൊരുത്തക്കേട്

2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16 പ്രകാരം, രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ വ്യക്തിക്കും തന്റെ ബിസിനസ്സിന്റെ ഭാഗമായോ, അതിന്റെ പുരോഗതിക്കു വേണ്ടിയോ ഉപയോഗിക്കുന്നതിനോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതിനോ വേണ്ടിയുള്ള ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും ഇൻവേർഡ് സപ്ലൈയുമായി ബന്ധപ്പെട്ട നികുതിയുടെ ക്രെഡിറ്റ് എടുക്കാൻ അർഹതയുണ്ട്. പ്രസ്തുത തുക അത്തരം വ്യക്തിയുടെ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ ക്രെഡിറ്റ് ചെയ്യപ്പെടും.

ഇ-വേ ബിൽ സംവിധാനത്തിന്റെ പരിശോധനയ്ക്കായി തിരഞ്ഞെടുത്ത നികുതിദായകരുടെ ഓഡിറ്റിന്റെ സമയത്ത്, അവരുടെ ഐടിസി ഉപയോഗത്തിന്റെ കൃത്യതയും പരിശോധിച്ചു. ജിഎസ്ടിആർ-3ബി പ്രകാരമുള്ള ഒരാളുടെ ഐടിസിയുടെ അവകാശവാദം, അയാളുടെ ജിഎസ്ടിആർ-2എ റിട്ടേണുകളിൽ ലഭ്യമായ ഐടിസിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

11 ടാക്സ്പെയർ സർവീസസ് സർക്കിളുകളിലായി 11 നികുതിദായകർ 774.39 കോടി രൂപയുടെ ഐടിസി ഉള്ളതായി അവകാശപ്പെട്ടെങ്കിലും, അവരുടെ ജിഎസ്ടിആർ-2എ പ്രകാരം ലഭ്യമായിരുന്ന ഐടിസി 735.41 കോടി രൂപ മാത്രമാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. അതിലൂടെ, ജിഎസ്ടിആർ-3ബി, ജിഎസ്ടിആർ-2എ എന്നിവ പ്രകാരമുള്ള ഐടിസി തമ്മിൽ 38.98 കോടി രൂപയുടെ വ്യത്യാസമുണ്ടായി (**അനുബന്ധം-XII**).

കൂടാതെ, ഏഴ് ടാക്സ്പെയർ സർവീസസ് സർക്കിളുകകൾക്ക് കീഴിൽ (**അനുബന്ധം-XIII**) വരുന്ന ഏഴ് നികുതിദായകർ ഈ 38.98 കോടി രൂപയിൽ നിന്നും 19.19 കോടി രൂപയുടെ ഐടിസി അവരുടെ നികുതിബാധ്യത ഒഴിവാക്കാൻ ഉപയോഗിച്ചതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു, അത് പലിശ സഹിതം വീണ്ടെടുക്കാവുന്നതാണ്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), കണ്ണൂർ സൗത്ത് ടിപിഎസ്‌സിക്ക് കീഴിലുള്ള ഒരു കേസിൽ നികുതിനിർണ്ണയ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വിശദമായ മറുപടി എത്രയും വേഗം നൽകുമെന്നും സർക്കാർ അറിയിച്ചു (2024 മേയ്). ബാക്കിയുള്ള 10 കേസുകളിൽ മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

## 2.2.9 നിഷ്ക്രിയരായ സ്വീകർത്താക്കൾക്ക് ഇ-വേ ബില്ലുകൾ നൽകിയ നികുതിദായകർ നികുതി ബാധ്യത ഒടുക്കാതിരിക്കൽ

30 നികുതിദായകർ ജനറേറ്റ്ചെയ്ത ഇ-വേ ബില്ലുകളിൽ, ചരക്ക് സ്വീകരിക്കുന്നയാളുടെ രജിസ്ട്രേഷൻ നില ഓഡിറ്റ് പരിശോധിച്ചപ്പോൾ, അതിൽ നാല് നികുതിദായകരുടെ രജിസ്ട്രേഷൻ നിഷ്ക്രിയമാണെന്നു കണ്ടെത്തി. ഒരു കേസിൽ, താഴെ പറയുന്നപോലെ, നികുതി അനുവർത്തിക്കുന്നതിലെ പോരായ്മ ശ്രദ്ധിക്കപ്പെട്ടു:

ചാവക്കാട് ടിപിഎസ്സിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത ഒരു നികുതിദായകൻ 2019 ഡിസംബർ 14 മുതൽ 2020 ജനുവരി 5 വരെ ഇടപാടുകൾ നടത്തി. ഈ കാലയളവിൽ, നികുതിദായകൻ 22.20 കോടി രൂപ മൂല്യമുള്ള, 1.11 കോടി രൂപയുടെ ജിഎസ്ടി ബാധ്യതയുള്ള ഔട്ട്‌വേർഡ് സപ്ലൈക്കായി 51 ഇ-വേ ബില്ലുകൾ, ഡൽഹിയുടെയും മഹാരാഷ്ട്രയുടെയും കീഴിലുള്ള, യഥാക്രമത്തിൽ 2019 സെപ്റ്റംബർ 3-നും, 2021 ജനുവരി 27-നും രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട, മറ്റു രണ്ട് നികുതിദായകർക്കുവേണ്ടി ജനറേറ്റ് ചെയ്തു. രേഖകളുടെ സൂക്ഷ്മപരിശോധനയിൽ താഴെ വിവരിച്ചിരിക്കുന്നതുപോലെ നികുതി ബാധ്യത തീർത്തിട്ടില്ലെന്ന് കണ്ടെത്തി.

(എ) ഔട്ട്‌വേർഡ് സപ്ലൈക്കായി ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തിട്ടും, ചാവക്കാട് ടിപിഎസ്സിക്ക് കീഴിലുള്ള നികുതിദായകൻ ജിഎസ്ടി റിട്ടേണുകൾ ഫയൽ ചെയ്തില്ല. റിട്ടേൺ ഫയൽ ചെയ്യാത്തതിനാൽ, സ്വമേധയാ രജിസ്ട്രേഷൻ റദ്ദാക്കുകയും (2020 ഏപ്രിൽ 30), പ്രോപ്പർ ഓഫീസർ ഒരു നികുതിനിർണ്ണയ നോട്ടീസ്[26] നൽകുകയും ചെയ്തു (2021 ജനുവരി 7). രജിസ്ട്രേഷൻ റദ്ദാക്കിയ തീയതിക്ക് ശേഷം ഒരു നികുതി നിർണയ നോട്ടീസ് നൽകാൻ വകുപ്പ് 251 ദിവസമെടുത്തുവെന്നും നികുതി നിർണ്ണയം പൂർത്തിയായിട്ടില്ലെന്നും ഓഡിറ്റ് കണ്ടെത്തി (2024 മെയ്). ഇതിൽ ഉൾപ്പെട്ട നികുതിയും പിഴയും 2.22 കോടി രൂപയാണ്[27].

(ബി) രജിസ്ട്രേഷൻ റദ്ധാക്കപ്പെട്ട രണ്ട് സ്വീകർത്താക്കളുടെയും ജിഎസ്ടിആർ -2എ-യുടെ ഓഡിറ്റ് പരിശോധനയിൽ ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്ത നികുതിദായകന് പകരം, അതേ ടിപിഎസ്സിക്ക് കീഴിലുള്ള മറ്റൊരു നികുതിദായകനാണ് അവർക്കുള്ള മുഴുവൻ വിതരണവും നടത്തിയതെന്ന് കണ്ടെത്തി.

ഈ നികുതിദായകന്റെ രേഖകൾ പരിശോധിച്ചപ്പോൾ 2019 ഡിസംബർ 27നും 2020 ജനുവരി 8നും ഇടയിൽ അവർ ബിസിനസ്സ് നടത്തിയതായും 1.11 കോടി രൂപയുടെ നികുതി ബാധ്യതയുള്ള 22.17 കോടി രൂപയുടെ ഔട്ട്‌വേർഡ് സപ്ലൈയ്ക്കായി 55 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തതായും കണ്ടെത്തി. ഇതിൽ 9.87 കോടി രൂപയുടെ ഔട്ട്‌വേർഡ് സപ്ലൈ നികുതിദായകൻ 2019 ഡിസംബറിലെ ജിഎസ്ടിആർ-1ൽ റിപ്പോർട്ട് ചെയ്തു. എന്നിരുന്നാലും, ജിഎസ്ടിആർ-3ബി ഫയൽ ചെയ്തുകൊണ്ട് അനുബന്ധ നികുതി ബാധ്യത തീർത്തിട്ടില്ല. ബാക്കിയുള്ള ഔട്ട്‌വേർഡ് സപ്ലൈയ്ക്ക് നികുതിദായകൻ ജിഎസ്ടിആർ-1ഓ ജിഎസ്ടിആർ -3ബിയോ ഫയൽ ചെയ്തില്ല. ഇത് പിഴയുൾപ്പെടെ 2.22 കോടി[28] രൂപയുടെ നികുതി ചുമത്താതിരിക്കുന്നതിന് കാരണമായി.

ഇത് 2023 സെപ്റ്റംബറിൽ വകുപ്പിന്റെയും 2024 മാർച്ചിൽ സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി. മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

***ശുപാർശ 3:***

***ഐടിസിയിൽ പൊരുത്തക്കേടും രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട സ്വീകർത്താക്കളുടെ പേരിൽ ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുന്നതുമായ നികുതിദായകരുടെ റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് മുൻഗണന നൽകുന്നതിന് പ്രോപ്പർ ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകുന്നത് സർക്കാർ പരിഗണിക്കേണ്ടതാണ്.***

### 2.2.10 ഒരേ പെർമനന്റ് അക്കൗണ്ട് നമ്പറിലുള്ള ഒന്നിലധികം രജിസ്ട്രേഷന്റെ വിശകലനം

2017-ലെ എസ്ജിഎസ്ടി നിയമത്തിലെ 24, 25(6) വകുപ്പുകൾ 22-ാം വകുപ്പുമായി ചേർത്ത് വായിച്ചാൽ, ഒന്നിലധികം സംസ്ഥാനങ്ങളിൽ ജിഎസ്ടി രജിസ്ട്രേഷന് ബാധ്യതയുള്ള ഒരു വ്യക്തിക്ക് ഒരു സംസ്ഥാനത്തിലോ കേന്ദ്രഭരണ പ്രദേശത്തോ

[26] 2017 ലെ എസ്ജിഎസ്ടി നിയമത്തിന് കീഴിലുള്ള എഎസ്എംടി-10 അറിയിപ്പ്.

[27] ജിഎസ്ടി 1.11 കോടി രൂപ, പിഴ 1.11 കോടി രൂപ.

[28] ജിഎസ്ടി 1.11 കോടി രൂപ, പിഴ 1.11 കോടി രൂപ.

ഒരേ പെർമനന്റ് അക്കൗണ്ട് നമ്പറിൽ (പാൻ) ഒന്നിലധികം ജിഎസ്ടി രജിസ്ട്രേഷനുകൾ എടുക്കാവുന്നതാണ്. നിയമത്തിന്റെ പട്ടിക I(2) ഉം വകുപ്പ് 25ഉം അനുസരിച്ച് ഒരേ പാൻ ഉള്ള വ്യത്യസ്ത ജിഎസ്ടി രജിസ്ട്രേഷനുകൾ തമ്മിലുള്ള ഏതൊരു സപ്ലൈയും, അവ പ്രതിഫലമില്ലാതെയാണെങ്കിൽ പോലും, സപ്ലൈയായി കണക്കാക്കേണ്ടതാണ്.

അഞ്ച്[29] ടാക്സ്പെയർ സർവീസസ് സർക്കിളുകളിൽ ഒരേ പാൻ ഉപയോഗിച്ച് ഒന്നിലധികം രജിസ്ട്രേഷൻ എടുത്ത ഏഴ് നികുതിദായകരുടെ രേഖകൾ ഓഡിറ്റ് പരിശോധിച്ചധിച്ചതിൽ നിന്നും താഴെയുള്ള **പട്ടിക 2.3**-ൽ നൽകിയിരിക്കുന്നതു പോലെ നികുതി പാലിക്കുന്നതിൽ പോരായ്മകൾ കണ്ടെത്തി:

**പട്ടിക – 2.3**

**ഒരേ പെർമനന്റ് അക്കൗണ്ട് നമ്പറിൽ ഒന്നിലധികം രജിസ്ട്രേഷനുകൾ ഉള്ള നികുതിദായകരിൽ കണ്ടെത്തിയ പോരായ്മകൾ**

| ക്രമ നമ്പർ | നിരീക്ഷണങ്ങളുടെ സ്വഭാവം | ഇ-വേ ബില്ലുകളുടെ/ ഇൻവോയ്സുകളുടെ എണ്ണം/ ഐടിസി | നിർണ്ണയിക്കാവുന്ന മൂല്യം/ ഐടിസി (രൂപ കോടിയിൽ) | ഉൾപ്പെട്ട നികുതി/ ഐടിസി (രൂപ കോടിയിൽ) |
|---|---|---|---|---|
| 1 | ഇ-വേ ബില്ലുകളിലെ ഇൻവോയ്സുകൾ റിട്ടേണുകളിൽ റിപ്പോർട്ട് ചെയ്യാത്തത് | 799 ഇ-വേ ബില്ലുകൾ | 45.10 | 2.39 |
| 2 | ജിഎസ്ടിആർ-1 റിട്ടേണിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇൻവോയ്സുകൾക്കായി ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാത്തത് | 1,912 ഇൻവോയ്സുകൾ | -- | -- |
| 3 | ഒരേ/ സമാന ഇൻവോയ്സുകൾ ഉപയോഗിച്ച് ഒന്നിലധികം ഇ-വേ ബില്ലുകളുടെ ജനറേഷൻ | 382 ഇ-വേ ബില്ലുകൾ | -- | -- |
| 4 | ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാക്കുന്നതിലെ പൊരുത്തക്കേട് | 36.35 കോടി രൂപ ഐടിസി ഉപയോഗിച്ചു | 34.77 കോടി രൂപ ഐടിസി ലഭ്യമായി | 1.58 |

സ്രോതസ്സ്: എജി (ഓഡിറ്റ് II) സമാഹരിച്ചത്.

ഇവ 2023 സെപ്റ്റംബറിൽ വകുപ്പിന്റെയും 2024 മാർച്ചിൽ സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി. മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

***ശുപാർശ 4:***

***ഒരേ പാൻ കാർഡിൽ ഒന്നിലധികം രജിസ്ട്രേഷനുകൾ ഉള്ള നികുതിദായകരുടെ ഇ-വേ ബില്ലുകൾ പരിശോധിക്കുന്നതിനും റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് നിർദ്ദേശിക്കാവുന്നതാണ്.***

## 2.3 ഇ-വേ ബില്ലുകളുടെ ഡാറ്റ വിശകലനം വഴി കണ്ടെത്തിയ പൊരുത്തക്കേടുകൾ

2018 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകളുടെ വിവരങ്ങൾ കെപിഎകളെ അടിസ്ഥാനമാക്കി വിശകലനം ചെയ്തതിൽ നിന്നും നികുതിദായകരുടെ നികുതി പാലിക്കലിലെ പൊരുത്തക്കേടുകൾ ചില കെപിഎകളിൽ നിന്ന് നേരിട്ട് കണ്ടെത്താനാകുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഖണ്ഡിക 2.2 ൽ ചർച്ച ചെയ്ത പ്രശ്നങ്ങൾക്ക് പുറമേ, ഈ കെപിഎകളുടെ അടിസ്ഥാനത്തിൽ വേർതിരിച്ചെടുത്ത സമ്പൂർണ വിവരങ്ങൾ, കൂടുതൽ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പിന് കൈമാറുകയും,

---

[29] പട്ടാമ്പി, കാക്കനാട്, വടക്കാഞ്ചേരി, കടവന്ത്ര, ചേർത്തല.

സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള സംഗ്രഹ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. വകുപ്പുമായി പങ്കിട്ട മുഴുവൻ നിരീക്ഷണങ്ങളുടെ വിശദാംശങ്ങൾ **പട്ടിക-2.4** ൽ നൽകിയിരിക്കുന്നു.

**പട്ടിക – 2.4**
**സമ്പൂർണ നിരീക്ഷണങ്ങളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | സമ്പൂർണ നിരീക്ഷണങ്ങളുടെ തരം | നികുതിദായകരുടെ എണ്ണം | നിർണ്ണയിക്കാവുന്ന മൂല്യം (രൂപ കോടിയിൽ) |
|---|---|---|---|
| 1 | ജിഎസ്ടി റിട്ടേൺ സമർപ്പിക്കാത്തവർ ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തത് | 566 | 373.31 |
| 2 | റദ്ദാക്കപ്പെട്ട നികുതിദായകർ ഇ-വേ ബിൽ ജനറേറ്റ് ചെയ്തത് | 183 | 92.37 |
| 3 | ഒരേ ഇൻവോയ്സ് ഉപയോഗിച്ച് ഡ്യൂപ്ലിക്കേറ്റ് ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തത് | 3,785 | 332.82 |
| 4 | കോമ്പോസിഷൻ നികുതിദായകർ അന്തർസംസ്ഥാന ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തത് | 82 | 1.42 |

സ്രോതസ്സ്: എജി (ഓഡിറ്റ് II) സമാഹരിച്ചത്.

ഇവ ചൂണ്ടിക്കാണിച്ചപ്പോൾ (മാർച്ച് 2024), ഡ്യൂപ്ലിക്കേറ്റ് ഇ-വേ ബില്ലുകളുടെ ജനറേഷനുമായി ബന്ധപ്പെട്ട്, ചൂണ്ടിക്കാണിച്ച 3,785 കേസുകളിൽ 71 എണ്ണം വകുപ്പ് പരിശോധിച്ചുവെന്നും, 32 കേസുകളിൽ, ഡ്യൂപ്ലിക്കേറ്റ് ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തത് സാങ്കേതിക പിശക് മൂലമാണെന്നും, 28 കേസുകളിൽ ക്ലറിക്കൽ പിശകുകൾ മൂലമാണെന്നും, 11 കേസുകളിൽ ഡ്യൂപ്ലിക്കേറ്റ് ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തതുമൂലം ഒരു പോരായ്മയും കണ്ടെത്തിയിട്ടില്ലെന്നും സർക്കാർ വ്യക്തമാക്കി (2024 മെയ്). നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഡ്യൂപ്ലിക്കേറ്റ് ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ സിസ്റ്റം അനുവദിക്കുന്നുവെന്ന വസ്തുത, മറുപടി സ്ഥിരീകരിക്കുന്നു.

***ശുപാർശ 5:***

***എല്ലാ പ്രധാന പ്രശ്ന മേഖലകളും ഉൾക്കൊള്ളുന്ന വിശകലന റിപ്പോർട്ടുകൾ ഇടയ്ക്കിടെ തയ്യാറാക്കുന്നുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരപരിധിയിലുള്ള അധികാരികളുമായി പങ്കു വയ്ക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

# അധ്യായം III

# വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

# അധ്യായം-III
# വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

ഇ-വേ ബിൽ സംവിധാനം പോലെയുള്ള ഒരു സ്വയം പ്രസ്താവത്തിലധിഷ്ഠിതമായ സംവിധാനത്തിൽ അനുവർത്തന പരിശോധനയ്ക്ക് ഉയർന്ന പ്രാധാന്യമുണ്ട്. എന്നാൽ, നികുതി വെട്ടിപ്പിന് സാധ്യതയുള്ള കേസുകൾ തിരിച്ചറിയാൻ എൻഐസി ജനറേറ്റ് ചെയ്ത വിശകലന റിപ്പോർട്ടുകൾ വകുപ്പുതല ഉദ്യോഗസ്ഥർ ഉപയോഗിച്ചില്ല. സംഗ്രഹ, അന്തിമ പരിശോധനാ റിപ്പോർട്ടുകൾ ഓൺലൈനായി രേഖപ്പെടുത്തുന്നതിന്റെ അഭാവം, വാഹനങ്ങൾ തടഞ്ഞു നിർത്തി ചരക്കുകൾ പരിശോധിക്കുന്നതിനുള്ള നിർദ്ദിഷ്ട ചട്ടങ്ങളിൽ നിന്നുള്ള വ്യതിയാനവും ഉന്നത അധികാരികളുടെ നിരീക്ഷണത്തിന്റെ അഭാവവും സൂചിപ്പിക്കുന്നു. ഓൺലൈനായി റിപ്പോർട്ടുകൾ രേഖപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നത് ഇ-വേ ബിൽ പരിശോധനയുടെയും നിരീക്ഷണ പ്രവർത്തനങ്ങളുടെയും ഓട്ടോമേഷനെ തടസ്സപ്പെടുത്തുന്നു. വാഹനങ്ങൾ തടഞ്ഞു നിർത്തി ചരക്കുകൾ പരിശോധിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വാഹനങ്ങൾ തടഞ്ഞു നിർത്തിയുള്ള പരിശോധനയുമായി ബന്ധപ്പെട്ട് ബുക്ക് ചെയ്ത കേസുകളുടെ വിവരങ്ങൾ തുടർനടപടികൾക്കായി അധികാരപരിധിയിലുള്ള സംസ്ഥാന/ കേന്ദ്ര അധികാരികൾക്ക് കൈമാറിയില്ല.

## 3.1 വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

ഇ-വേ ബിൽ സംവിധാനം ഒരു സ്വയം പ്രസ്താവത്തിലധിഷ്ഠിതമായ സംവിധാനമാണ്, അതിൽ ഒരു ഡിജിറ്റൽ ഇന്റർഫേസ് വഴി ചരക്ക് നീക്കം നടത്തുന്ന വ്യക്തി, ചരക്ക് നീക്കം ആരംഭിക്കുന്നതിന് മുമ്പ് പ്രസക്തമായ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുകയും പ്രസ്തുത ചരക്കുകളുടെ ഗതാഗതത്തിനുള്ള അംഗീകാരം നേടുകയും ചെയ്യുന്നു. ഈ സ്വയം പ്രസ്താവത്തിലധിഷ്ഠിതമായ സംവിധാനത്തിൽ, ഇ-വേ ബില്ലുകളുടെ ഒരു അനുവർത്തന പരിശോധനാ ക്രമീകരണത്തിന്റെ ആവശ്യകത ഊന്നിപ്പറയുന്നു.

പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പ്, നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികളുടെ ഫലപ്രാപ്തി, ഇ-വേ ബില്ലുമായി ബന്ധപ്പെട്ട ഇടപാടുകൾ നിരീക്ഷിക്കുന്നതിന് വകുപ്പിനകത്തും വകുപ്പുകൾ തമ്മിലുമുള്ള ഏകോപനം തുടങ്ങിയ പ്രവർത്തനങ്ങൾ ഓഡിറ്റ് പരിശോധിച്ചു. ഇതിനായി ഡെപ്യൂട്ടി കമ്മീഷണറുടെ (ഇന്റലിജൻസ്) 15 ഓഫീസുകളിൽ നിന്ന് 8 ഓഫീസുകൾ[30] ഓഡിറ്റ് തിരഞ്ഞെടുത്തു.

2018 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ ചർച്ച ചെയ്യുന്നു:

## 3.2 പ്രവർത്തനങ്ങൾക്കുള്ള തയ്യാറെടുപ്പ്

ജിഎസ്ടിക്ക് മുമ്പുള്ള കാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്ന ചെക്ക് പോസ്റ്റുകൾ ജിഎസ്ടി നിലവിൽ വന്നതിന്റെ ഫലമായി നിർത്തലാക്കപ്പെട്ടു. 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള ചരക്കുകളുടെ അന്തർ-സംസ്ഥാന, സംസ്ഥാനത്തിനകത്തുള്ള നീക്കം പിന്തുടരുന്നതിന് അവതരിപ്പിച്ച ഇ-വേ ബിൽ സംവിധാനം 2018 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നു. വാഹനങ്ങളെ തടഞ്ഞു നിർത്തി ഇ-വേ ബില്ലുകൾ പരിശോധിക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ നിയോഗിച്ചു.

---

[30] കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, കണ്ണൂർ, വയനാട്, കാസർകോട്.

### 3.2.1 വാഹനങ്ങളിൽ ആർഎഫ്ഐഡി ഉൾപ്പെടുത്തുന്നതിനുള്ള ഉത്തരവ്

എസ്ജിഎസ്ടി ചട്ടങ്ങൾ, 2017 ലെ ചട്ടം 138 എ(4) പ്രകാരം, കമ്മീഷണർക്ക്, ഉത്തരവിലൂടെ, ഒരു സവിശേഷ 'റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ്' (ആർഎഫ്ഐഡി) വാഹനത്തിൽ ഉൾപ്പെടുത്താൻ ഒരു വിഭാഗം ട്രാൻസ്പോർട്ടർമാരോട് ആവശ്യപ്പെടാം. ചരക്ക് നീക്കത്തിന് മുമ്പ് ഇ-വേ ബിൽ ആർഎഫ്ഐഡിയിലേക്ക് മാപ്പ് ചെയ്യണം. ഇ-വേ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന യഥാർത്ഥ ഇടപാട് യഥാവിധി രേഖപ്പെടുത്തുകയും ആർഎഫ്ഐഡിയിലേക്ക് മാപ്പ് ചെയ്യപ്പെടുകയും അതിലൂടെ സമയനഷ്ടം ഇല്ലാതെയും ഉപദ്രവിക്കാനുള്ള സാധ്യത ഒഴിവാക്കിയും പരിശോധന നടത്താൻ കഴിയും.

കേരളത്തിൽ ഏതൊക്കെ വിഭാഗത്തിലുള്ള ട്രാൻസ്പോർട്ടർമാരാണ് ആർഎഫ്ഐഡി എടുക്കേണ്ടതെന്നുള്ള ഉത്തരവ് വകുപ്പ് പുറപ്പെടുവിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), 2017 ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ ചട്ടം 138എ(4) ൽ ആർഎഫ്ഐഡി നടപ്പിലാക്കാൻ വ്യവസ്ഥയുണ്ടെങ്കിലും, ഇത് ഒരു വിവേചനാധികാര വ്യവസ്ഥയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2024 മേയ്). ചരക്കുനീക്കം നിരീക്ഷിക്കുന്നതിനായി കേരളം ഒരു ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് തിരിച്ചറിയൽ (എഎൻപിആർ) സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. ഇത് എല്ലാ വാഹനങ്ങളുടെയും, അവ കൊണ്ടുപോകുന്ന ചരക്കുകൾ പരിഗണിക്കാതെ, പരിശോധന സാധ്യമാക്കുകയും അതുവഴി നികുതി പാലനത്തിന്റെ സമഗ്രമായ നിരീക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നു. എഎൻപിആർ സിസ്റ്റത്തിന്റെ ഉപയോഗം, ചരക്ക് നീക്കത്തെ നിരീക്ഷിക്കുന്നതിനുള്ള സജീവവും ഫലപ്രദവുമായ സംവിധാനമാവുകയും അത് മെച്ചപ്പെട്ട നികുതി പാലനത്തിനും ഭരണപരമായ കാര്യക്ഷമതയ്ക്കും കാരണമാവുകയും ചെയ്യുന്നു.

സർക്കാരിന്റെ മറുപടി അപര്യാപ്തമാണ്. സംസ്ഥാനത്തിനകത്തേക്ക് വരുന്ന വാഹനങ്ങളുടെ നിരീക്ഷണത്തിനായി 23 സ്ഥലങ്ങളിൽ മാത്രമാണ് എഎൻപിആർ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. അതിൽ തന്നെ 18 സ്ഥലങ്ങളിലെ ക്യാമറകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. കൂടാതെ, ഡിജിറ്റൽ ഭിത്തിയായി എഎൻപിആർ ക്യാമറ സ്ഥാപിക്കുന്നതിനായി വകുപ്പ് കണ്ടെത്തിയ 6 സ്ഥലങ്ങളിൽ[31] ക്യാമറകൾ സ്ഥാപിച്ചിട്ടുമില്ല. ഇത് എല്ലാ വാഹനങ്ങളും പരിശോധിക്കുന്നത് അസാധ്യമാക്കുന്നു. തടി, ഇരുമ്പ്, ഉരുക്ക്, പ്ലൈവുഡ്, അടയ്ക്ക മുതലായ നികുതി വെട്ടിപ്പിന് സാധ്യതയുള്ളതായി സംസ്ഥാനം കണ്ടെത്തിയ ചരക്കുകളെ നിരീക്ഷിക്കുന്നതിന് സംസ്ഥാനത്തുടനീളമുള്ള വാഹന ഗതാഗതത്തിന്റെ നിരീക്ഷണം നിർണ്ണായകമാണ്. ആർഎഫ്ഐഡി ഉപകരണങ്ങൾ, നികുതി വെട്ടിപ്പ് സാധ്യതയുള്ള ഇത്തരം ചരക്കുകൾ കൊണ്ടുപോകുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് ടീമിനെ സഹായിക്കും.

### 3.2.2 വകുപ്പുതല ഉദ്യോഗസ്ഥരുടെ ഇ-വേ ബിൽ ഓഫീസർ മൊഡ്യൂൾ ഉപയോഗം

ഇ-വേ ബിൽ ഓഫീസർ മൊഡ്യൂൾ എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് വകുപ്പുതല ഓഫീസർമാർക്കിടയിൽ സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുക എന്നതാണ്. പരിശോധന-നിരീക്ഷണ പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുവാനും കൂടാതെ നികുതി വെട്ടിപ്പ് തിരിച്ചറിയുന്നതിന് സഹായകരമായ വിവേകപൂർണ്ണമായ എംഐഎസ്, വിശകലന റിപ്പോർട്ടുകൾ നൽകുവാനും, ദൈനംദിന പേപ്പർ അധിഷ്ഠിത ജോലികൾ കുറച്ചുകൊണ്ട് കാര്യക്ഷമത മെച്ചപ്പെടുത്തുവാനും അതിലൂടെ ഓഫീസർമാർക്ക് കൂടുതൽ തന്ത്രപരമായ ഇന്റലിജൻസ് പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അവസരമൊരുക്കുകയും ചെയ്യുന്നു.

[31] കുരിടിക്കാട്. ബിപിഎൽ ജംഗ്ഷൻ, എൻഐഡിഎ കഞ്ചിക്കോടിനടുത്തുള്ള സത്രപ്പടി ജംഗ്ഷൻ, എൻഐഡിഎ കഞ്ചിക്കോടിനടുത്തുള്ള പരപ്പിരിവ് ജംഗ്ഷൻ, വൈസ് പാർക്ക് റോഡ്, ചെമ്മണാമ്പതി സംസ്ഥാന അതിർത്തി (ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്), എസ്ജിഎസ്ടിഡി പാലക്കാടിന്റെ 2020 നവംബർ 9 ലെ കത്ത്).

വകുപ്പുതല ഓഫീസർമാർ ഇ-വേ ബിൽ ഓഫീസർ മൊഡ്യൂൾ വ്യാപകമായി ഉപയോഗിക്കുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചത് ചുവടെ വിവരിച്ചിരിക്കുന്നു:

- **വകുപ്പുതല ഉദ്യോഗസ്ഥർക്കുള്ള എംഐഎസ് റിപ്പോർട്ടുകൾ**

2022 മാർച്ച് 31 വരെ, 1,318 ഉപയോക്താക്കൾ[32] ഓഫീസർമാർക്കുള്ള മൊഡ്യൂളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും, വിവരങ്ങളുടെ വിശകലനത്തിൽ വെളിപ്പെട്ടത് 2022 മാർച്ചിൽ, ഈ 1,318 ഉപയോക്താക്കളിൽ 539 പേർ ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തതായും അതിൽ 277 ഉപയോക്താക്കൾ (21.02 ശതമാനം) ആ മാസത്തിൽ ഇരുപതിലധികം തവണ ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തപ്പോൾ 166 ഉപയോക്താക്കൾ (12.59 ശതമാനം) 10 തവണയിൽ താഴെ മാത്രമാണ് ലോഗിൻ ചെയ്തത് എന്നുമാണ്. രജിസ്റ്റർ ചെയ്ത ഉപയോക്താക്കൾ മൊഡ്യൂൾ പതിവായി ഉപയോഗിക്കുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

ഇത് 2023 ഓഗസ്റ്റിൽ വകുപ്പിന്റെയും 2024 മാർച്ചിൽ സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി. മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

- **ഇ-വേ ബില്ലുകളെക്കുറിച്ചുള്ള സമഗ്ര വിശകലന റിപ്പോർട്ടുകൾ**

ഇ-വേ ബില്ലുകളെക്കുറിച്ചുള്ള സമഗ്ര വിശകലന റിപ്പോർട്ടുകൾ എല്ലാ വിശകലനങ്ങളുടെയും റിപ്പോർട്ടുകളുടെയും ഏകീകൃത അവലോകനം നൽകുന്നു. പോർട്ടലിൽ 104[33] റിപ്പോർട്ടുകൾ ലഭ്യമായിരുന്നു.

2022 മാർച്ചിലെ കണക്കനുസരിച്ച്, സമഗ്ര വിശകലന റിപ്പോർട്ടുകൾ വീക്ഷിക്കാൻ രജിസ്റ്റർ ചെയ്തത് 36 ഉപയോക്താക്കൾ മാത്രമാണ്. 36 ഉപയോക്താക്കളിൽ തന്നെ, സംസ്ഥാന നോഡൽ ഓഫീസറെ കൂടാതെ, ഒരു ഡെപ്യൂട്ടി കമ്മീഷണറും ഒരു സംസ്ഥാന നികുതി ഓഫീസറും മാത്രമാണ് വിശകലന റിപ്പോർട്ടുകൾ വീക്ഷിച്ചത്. വകുപ്പുതല ഓഫീസർമാർ ഇ-വേ ബില്ലുകളെക്കുറിച്ചുള്ള വിശകലന റിപ്പോർട്ടുകൾ ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ **അനുബന്ധം-XIV**-ൽ നൽകി യിരിക്കുന്നു.

സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 91 ശതമാനം ഉദ്യോഗസ്ഥരും വിശകലന റിപ്പോർട്ടുകൾ വീക്ഷിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത് വകുപ്പുതല ഓഫീസർമാർ ഈ റിപ്പോർട്ടുകളെ വളരെ കുറച്ചുമാത്രം ഉപയോഗിക്കുന്നതിനെ സൂചിപ്പിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), സെർവറുകളിലെ അമിത ലോഡ് തടയാൻ, എൻഐസി പരിമിതമായ ലോഗിൻ ക്രെഡൻഷ്യലുകൾ മാത്രമേ നൽകു ന്നുള്ളൂവെന്ന് സർക്കാർ അറിയിച്ചു (2024 ഏപ്രിൽ). ലോഗിൻ ക്രെഡൻഷ്യലുക ളുള്ള 36 ഉദ്യോഗസ്ഥരിൽ, നികുതിനിർണ്ണയവുമായി ബന്ധപ്പെട്ട രണ്ട് ഉദ്യോഗസ്ഥർ മാത്രമാണ് വിശകലന റിപ്പോർട്ടുകൾ ഉപയോഗിക്കുന്നതെന്നുള്ള ഓഡിറ്റ് നിരീക്ഷ ണത്തെക്കുറിച്ച് വ്യക്തത നല്കിയിട്ടില്ലാത്തതിനാൽ ഈ മറുപടി പ്രസക്തമല്ല.

### 3.2.3 എംഐഎസ് റിപ്പോർട്ടുകൾ ഉപയോഗിക്കാത്തതിനാൽ പൊരുത്ത ക്കേടുകൾ കണ്ടെത്താനായില്ല

ഓഡിറ്റ് ഇ-വേ ബിൽ പോർട്ടലിൽ നിന്ന് സൃഷ്ടിച്ച ആറ് വിശകലന റിപ്പോർട്ടുകളിൽ നിന്നുള്ള നിരീക്ഷണങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

[32] ജെ3 യൂസേജ് ഓഫ് റിപ്പോർട്ട്സ് ബൈ ഓഫീസേഴ്സ്-ൽ നിന്നും ജനറേറ്റ് ചെയ്തത്.

[33] 19.10.2023–ൽ.

### 3.2.3.1 ഇ-വേ ബിൽസ് ജനറേറ്റഡ് ബൈ സിറ്റിസൺ (എച്ച് 5 റിപ്പോർട്ട്)

"ഇ-വേ ബിൽസ് ജനറേറ്റഡ് ബൈ സിറ്റിസൺ (എച്ച് 5 റിപ്പോർട്ട്)" രജിസ്റ്റർ ചെയ്യാത്ത വ്യക്തികൾ ഇ-വേ ബിൽ കോമൺ പോർട്ടലിൽ അവരുടെ മൊബൈൽ ഫോൺ നമ്പർ രജിസ്റ്റർ ചെയ്തുകൊണ്ട് ജനറേറ്റ് ചെയ്യുന്ന ഇ-വേ ബില്ലുകളുടെ വിശദാംശങ്ങൾ നൽകുന്നു. 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 22 പ്രകാരം, മൊത്തം വിറ്റുവരവ് നിശ്ചിത തുകയിൽ[34] കവിയുന്ന വിതരണക്കാർ വിതരണം നടത്തുന്ന സംസ്ഥാനത്ത് രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരാണ്. എസ്ജിഎസ്ടി ചട്ടങ്ങൾ, 2017ലെ ചട്ടം 16, നികുതി ബാധ്യതയുള്ള ഒരു വ്യക്തി രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് പ്രോപ്പർ ഓഫീസർ കണ്ടെത്തിയാൽ, ഉത്തരവ് നൽകുന്ന തീയ്യതി മുതൽ പ്രാബല്യമുള്ള താൽക്കാലിക രജിസ്ട്രേഷൻ അവർക്ക് നൽകാമെന്ന് നിർദ്ദേശിക്കുന്നു.

2018–19 മുതൽ 2021–22 വരെയുള്ള കാലയളവിൽ 1,094 രജിസ്റ്റർ ചെയ്യാത്ത വ്യക്തികൾ 3,114 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തതായി ഓഡിറ്റ് കണ്ടെത്തി. ഇതിൽ, രജിസ്റ്റർ ചെയ്യാത്ത 258 പേർ ഒരു വർഷം 40 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തിട്ടുണ്ട്. ഈ വിവരങ്ങൾ സമഗ്ര വിശകലന റിപ്പോർട്ടിൽ ലഭ്യമാണെങ്കിലും, നികുതി വല വിപുലീകരിക്കുന്നതിന് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ഇവ ഉപയോഗിക്കുന്നില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഇവ 2023 ഒക്ടോബറിൽ വകുപ്പിന്റെയും 2024 മാർച്ചിൽ സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്നു. മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

### 3.2.3.2 ബിസിനസ്സിന്റെ ഘടനയും എച്ച്എസ്എന്നും അടിസ്ഥാനമാക്കി ഉയർന്ന മൂല്യമുള്ള നികുതിദായകർ (സി-11 റിപ്പോർട്ട്)

വിതരണത്തിന്റെ തരം, എച്ച്എസ്എൻ കോഡ്, രജിസ്ട്രേഷൻ സ്ഥിതി എന്നിങ്ങനെ തരംതിരിച്ചു കാര്യമായ മൂല്യമുള്ള ഇ-വേ ബില്ലുകളെടുത്തിട്ടുള്ള നികുതിദായകരെക്കുറിച്ചുള്ള വിശദമായ ഉൾക്കാഴ്ചകൾ സി-11 റിപ്പോർട്ട് നൽകുന്നു. ഓഡിറ്റ് അത്തരത്തിലുള്ള ഒരു റിപ്പോർട്ട്, അതായത്, 2021–22 വർഷത്തിൽ അടയ്ക്ക വ്യാപാരത്തിൽ (എച്ച്എസ്എൻ 0802) ഏർപ്പെട്ടിരുന്ന രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട നികുതിദായകരുടെ (പ്രൊപ്രൈറ്റർഷിപ്പ്) ഔട്ട്‌വേർഡ് സപ്ലൈ റിപ്പോർട്ട് ജനറേറ്റ് ചെയ്തു.

2021 സെപ്റ്റംബറിൽ 11.25 കോടി രൂപയുടെ നികുതിവിധേയ മൂല്യമുള്ള 10 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്ത ടാക്സ്പെയർ സർവീസസ് സർക്കിൾ, പാലക്കാട് ഈസ്റ്റിലെ ഒരു നികുതിദായകൻ തന്റെ നികുതി ബാധ്യത തീർത്തിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നിരുന്നാലും, നികുതിനിർണ്ണയം പൂർത്തിയാക്കുന്നതിനും നികുതി ബാധ്യത ചുമത്തുന്നതിലും വകുപ്പ് ഒരു നടപടിയും ആരംഭിച്ചില്ല. നികുതിയും പിഴയുമായി അടക്കേണ്ടത് 1.12 കോടി രൂപയാണ്.

ഇവ 2023 ഒക്ടോബറിൽ വകുപ്പിന്റെയും 2024 മാർച്ചിൽ സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്നു. മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

### 3.2.3.3 ഇ-വേ ബിൽ ജനറേഷനിലെ ഉയർന്ന റിസ്ക് പാറ്റേണുകൾ (സി8, സി9, സി10, ഒ11 റിപ്പോർട്ട്)

2021–22 കാലയളവിൽ ജനറേറ്റ് ചെയ്ത റിപ്പോർട്ടുകളുടെ ഓഡിറ്റ് പരിശോധനയിൽ, ഇ-വേ ബിൽ ജനറേഷനിലെ ചില ഉയർന്ന റിസ്ക് പാറ്റേണുകളും വ്യതിയാനങ്ങളും വെളിപ്പെട്ടത് വകുപ്പ് പരിശോധിക്കേണ്ടതുള്ളത് ചുവടെ പറഞ്ഞിരിക്കുന്നു:

---

[34] സേവനങ്ങൾക്ക് ഇരുപത് ലക്ഷം രൂപയോ ചരക്കുകൾക്ക് നാൽപ്പത് ലക്ഷം രൂപയോ കവിയുന്നത്.

**ഇ-വേ ബിൽ റദ്ദാക്കൽ**

- 856 ഉപയോക്താക്കളുടെ (വിതരണക്കാർ) കാര്യത്തിൽ അവരുടെ 100 ശതമാനം ഇ-വേ ബില്ലുകളും റദ്ദാക്കിയതായി കാണിച്ചിരിക്കുന്നു. 363 ഉപയോക്താക്കളുടെ (വിതരണക്കാർ) കാര്യത്തിൽ ജനറേറ്റ് ചെയ്ത 50 ശതമാനത്തിലധികം ഇ-വേ ബില്ലുകൾ റദ്ദാക്കിയതായി കാണിച്ചിരിക്കുന്നു[35].

- 2,941 ഉപയോക്താക്കളുടെ (സ്വീകർത്താക്കൾ) കാര്യത്തിൽ, സ്വീകർത്താക്കൾ എന്ന നിലയിൽ അവർക്ക് വേണ്ടി ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകൾ 100 ശതമാനവും റദ്ദാക്കിയതായി കാണിച്ചിരിക്കുന്നു. 770 ഉപയോക്താക്കളുടെ (സ്വീകർത്താക്കൾ) കാര്യത്തിൽ, സ്വീകർത്താക്കൾ എന്ന നിലയിൽ അവർക്ക് വേണ്ടി ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകളുടെ 50 ശതമാനത്തിലധികം റദ്ദാക്കിയതായി[36] കാണിച്ചിരിക്കുന്നു.

**ഇ-വേ ബില്ലുകൾ നിരസിക്കൽ**

- 40 ഉപയോക്താക്കളുടെ (സ്വീകർത്താക്കൾ) കാര്യത്തിൽ അവർക്കു വേണ്ടി ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകൾ 100 ശതമാനവും നിരസിച്ചതായി[37] കാണിച്ചിരിക്കുന്നു. രണ്ട് ഉപയോക്താക്കളുടെ (സ്വീകർത്താക്കൾ) കാര്യത്തിൽ ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകളുടെ 50 ശതമാനത്തിലധികം നിരസിച്ചതായി കാണിച്ചിരിക്കുന്നു.

- നാല് ഉപയോക്താക്കൾ (വിതരണക്കാർ) ജനറേറ്റ് ചെയ്ത ഇ-വേ ബില്ലുകൾ 100 ശതമാനവും നിരസിക്കപ്പെട്ടു[38].

എൻഐസി ജനറേറ്റ് ചെയ്ത ഇ-വേ ബിൽ വിശകലന റിപ്പോർട്ടുകൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളോ ടാക്സ്പെയർ സർവീസസ് സർക്കിളുകളോ ഇൻവെസ്റ്റിഗേഷൻ വിഭാഗമോ ഉപയോഗിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

ഇത് 2023 ഓഗസ്റ്റിൽ വകുപ്പിന്റെയും 2024 മാർച്ചിൽ സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി. മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

***ശുപാർശ 6:***

***ഉയർന്ന റിസ്ക്കുള്ള നികുതിദായകരെ കണ്ടെത്തുന്നതിനും അല്ലെങ്കിൽ റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്കും പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്ന തരത്തിലുള്ള അന്വേഷണത്തിനു വേണ്ടിയും എൻഐസി ജനറേറ്റ് ചെയ്യുന്ന വിശകലന റിപ്പോർട്ടുകൾ സർക്കാരിന് ഉപയോഗപ്പെടുത്താം.***

## 3.3 പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി

### 3.3.1 ചരക്കുകൾ കൊണ്ടുപോകുമ്പോൾ വാഹനങ്ങൾ പരിശോധിച്ചതിന്റെ സംഗ്രഹ റിപ്പോർട്ടും അന്തിമ റിപ്പോർട്ടും രേഖപ്പെടുത്താത്തത്

2017 ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 138സി പ്രകാരം, വാഹനങ്ങളിൽ കൊണ്ടുപോകുന്ന ചരക്കുകളുടെ ഓരോ പരിശോധനയുടെയും ഒരു സംഗ്രഹ റിപ്പോർട്ട്, പരിശോധനയുടെ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ, ഫോം ജിഎസ്ടി

---

[35] സി8 – റദ്ദാക്കിയ ഇ-വേ ബില്ലുകൾ കൂടുതലുള്ള നികുതിദായകർ (വിതരണക്കാർ).

[36] സി10 – റദ്ദാക്കിയ ഇ-വേ ബില്ലുകൾ കൂടുതലുള്ള നികുതിദായകർ (സ്വീകർത്താക്കൾ).

[37] ഒ11 – കൂടുതൽ ഇ-വേ ബില്ലുകൾ നിരസിച്ച നികുതിദായകർ (സ്വീകർത്താക്കൾ).

[38] സി9 – ഇ-വേ ബില്ലുകൾ കൂടുതലായി നിരസിക്കപ്പെട്ട നികുതിദായകർ (വിതരണക്കാർ).

ഇഡബ്ല്യൂബി-03[39] യുടെ ഭാഗം-എയിൽ പ്രോപ്പർ ഓഫീസർ ഓൺലൈനായി രേഖപ്പെടുത്തേണ്ടതും അതിന്റെ അന്തിമ റിപ്പോർട്ട് ഭാഗം ബി-യിൽ അത്തരം പരിശോധനയുടെ മൂന്ന് ദിവസത്തിനുള്ളിൽ രേഖപ്പെടുത്തുകയും ചെയ്യണം.

മൂന്ന് ജോയിന്റ് കമ്മീഷണർ (ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ്) ഓഫീസുകളിൽ നിന്നും ഇ-വേ ബില്ലുമായി ബന്ധപ്പെട്ട് 2018-19 മുതൽ 2021-22 വരെ ബുക്ക് ചെയ്ത കേസുകളുടെ വിവരങ്ങൾ ഓഡിറ്റ് ശേഖരിക്കുകയും ഇ-വേ ബിൽ എംഐഎസ് പോർട്ടലിൽ നിന്ന് ജനറേറ്റ് ചെയ്ത ഇഡബ്ല്യൂബി-03 പരിശോധനാ റിപ്പോർട്ടുമായി ചേർത്തുവച്ച് പരിശോധിക്കുകയും ചെയ്തു. ബുക്ക് ചെയ്ത കേസുകളുടെ എണ്ണവും സംഗ്രഹ, അന്തിമ പരിശോധനാ റിപ്പോർട്ടും രേഖപ്പെടുത്തിയ കേസുകളുടെ എണ്ണവും **പട്ടിക- 3.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക - 3.1**
**ബുക്ക് ചെയ്ത കേസുകൾ, സംഗ്രഹ-അന്തിമ പരിശോധനാ റിപ്പോർട്ട് എന്നിവ രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ**

| കാലഘട്ടം | കേസുകളുടെ എണ്ണം | | |
|---|---|---|---|
| | ബുക്ക് ചെയ്തത് | സംഗ്രഹ റിപ്പോർട്ട് രേഖപ്പെടുത്തിയത് | അന്തിമ പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തിയത് |
| 2018-2022 | 21,699* | 6,655# | 6,172 |

* എൻഫോഴ്സ്മെന്റ് ഓഫീസർമാരുടെ പ്രതിമാസ ഡയറികളിൽ നിന്നുള്ള എണ്ണം.

# ഇ-വേ ബിൽ പോർട്ടലിൽ നിന്നും ജനറേറ്റ് ചെയ്തത്.

- ആകെ ബുക്ക് ചെയ്ത കേസുകളുടെ 69.33 ശതമാനം വരുന്ന 15,044 കേസുകളിൽ, സംഗ്രഹ റിപ്പോർട്ടും അന്തിമ പരിശോധനാ റിപ്പോർട്ടും ഓൺലൈനിൽ രേഖപ്പെടുത്തിയിട്ടില്ല,
- പരിശോധന സംബന്ധിച്ച സംഗ്രഹ റിപ്പോർട്ട് രേഖപ്പെടുത്തിയ 6,655 കേസുകളിൽ, 483 കേസുകളിൽ അന്തിമ പരിശോധനാ റിപ്പോർട്ടുകൾ രേഖപ്പെടുത്തിയിട്ടില്ല

എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പരിശോധനാ റിപ്പോർട്ട് രേഖപ്പെടുത്താത്തതിൽ നിന്ന് വാഹനങ്ങൾ തടഞ്ഞു നിർത്തി ചരക്കുകൾ പരിശോധിക്കുന്ന സമയത്ത് നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നും ഉന്നത അധികാരികൾ പ്രക്രിയ നിരീക്ഷിച്ചിട്ടില്ലെന്നും കാണപ്പെടുന്നു. ഓൺലൈനിൽ റിപ്പോർട്ട് രേഖപ്പെടുത്താത്തത് സുതാര്യത കൊണ്ടുവരുന്നതിനും ഓഫീസർമാരിൽ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നതിനുമുള്ള സമ്പൂർണ്ണ ഇ-വേ ബിൽ പരിശോധനാ-നിരീക്ഷണ പ്രവർത്തനങ്ങളുടെ ഓട്ടോമേഷൻ പ്രക്രിയയെ തടസ്സപ്പെടുത്തുന്നു.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2024 മാർച്ച്), ഓഡിറ്റിന്റെ ശുപാർശകൾ അനുസരിക്കാൻ മേഖലാ ജോയിന്റ് കമ്മീഷണർമാർ (ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്) മുഖേന എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ ചുമതലയുള്ള ബന്ധപ്പെട്ട പ്രോപ്പർ ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2024 നവംബർ).

***ശുപാർശ 7:***

***റിപ്പോർട്ടുകൾ ഓൺലൈനായി രേഖപ്പെടുത്താൻ എൻഫോഴ്സ്മെന്റ് ഓഫീസർമാർക്ക് സർക്കാരിന് നിർദ്ദേശം നല്കാവുന്നതാണ്. ഉന്നത അധികാരികൾ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ്.***

[39] എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ട്.

### 3.3.2 വാഹനങ്ങൾ നിർത്തി ചരക്കുകൾ പരിശോധിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 129(1) പ്രകാരം വാഹനം നിർത്തിയുള്ള ചരക്കുകളുടെ പരിശോധനയിൽ ഈടാക്കുന്ന നികുതിയും പിഴയും ഇലക്ട്രോണിക് ലയബിലിറ്റി ലെഡ്ജറിൽ രേഖപ്പെടുത്തണം. വാഹനം നിർത്തി ചരക്കുകൾ പരിശോധിക്കുന്നതിനും പിടിച്ചെടുക്കുന്നതിനും തടങ്കലിൽ വയ്ക്കുന്നതിനും വിട്ടുകൊടുക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ[40] സംസ്ഥാന നികുതി കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത വ്യക്തികളുടെ കാര്യത്തിൽ, ബാധ്യത രേഖപ്പെടുത്തുന്നതിന് പ്രോപ്പർ ഓഫീസർ കോമൺ പോർട്ടലിൽ ഒരു താൽക്കാലിക ഐഡി ജനറേറ്റ് ചെയ്യും.

തിരഞ്ഞെടുത്ത എട്ട് ഓഫീസുകളിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ ചരക്ക് നീക്കത്തിനിടെ ബുക്ക് ചെയ്ത നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട 200 ഉത്തരവുകൾ ഓഡിറ്റ് സൂക്ഷ്മമായി പരിശോധിച്ചു. ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ വിശദമാക്കിയിരിക്കുന്നു:

- ഒമ്പത് കേസുകളിൽ (**അനുബന്ധം-XV**), ചരക്ക് അയക്കുന്ന വ്യക്തിക്കും സ്വീകരിക്കുന്ന വ്യക്തിക്കും കേരള അധികാരപരിധിയിൽ ജിഎസ്ടി രജിസ്ട്രേഷൻ നമ്പർ ഉണ്ടായിരുന്നെങ്കിലും, കോമൺ പോർട്ടലിൽ താൽക്കാലിക രജിസ്ട്രേഷൻ ഉണ്ടാക്കി ഡിമാൻഡും നികുതി-പിഴ ബാധ്യതയുടെ ക്രമീകരണവും നടത്തി.

- ഏഴ് കേസുകളിൽ (**അനുബന്ധം-XVI**), നികുതിയും പിഴയും അടക്കം 0.07 കോടി രൂപ ഇലക്ട്രോണിക് ലയബിലിറ്റി ലെഡ്ജറിൽ ചേർത്തിട്ടില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), താൽക്കാലിക ഐഡിയുമായി ബന്ധപ്പെട്ട് ഒരു[41] കേസിൽ നികുതിദായകൻ പിഴ അടച്ചതിനാൽ തുടർനടപടികൾ ആവശ്യമില്ല എന്ന് സർക്കാർ പ്രസ്താവിച്ചു (2024 മേയ്). ഇലക്ട്രോണിക് ലയബിലിറ്റി ലെഡ്ജറിൽ നികുതിയും പിഴയും ചേർക്കാത്തതിനെ സംബന്ധിച്ച്, മൂന്ന്[42] കേസുകളിൽ താൽക്കാലിക ഐഡി ഉണ്ടാക്കിയത് വിതരണക്കാർ കേന്ദ്ര നികുതി അധികാരപരിധിയിൽ വരുന്നതിനാലാണെന്നും ഈ കേസുകളിൽ നികുതി ബാധ്യത തീർപ്പാക്കിയെന്നും സർക്കാർ പ്രസ്താവിച്ചു (2024 മേയ്).

രജിസ്റ്റർ ചെയ്യാത്ത വ്യക്തിക്ക് വേണ്ടി മാത്രമേ താത്കാലിക ഐഡി ജനറേറ്റ് ചെയ്യാൻ അനുവാദമുള്ളൂ എന്നും രജിസ്റ്റർ ചെയ്ത നികുതിദായകർക്ക് വേണ്ടി താൽക്കാലിക ഐഡി ഉണ്ടാക്കിയാൽ അത്തരം നികുതിദായകന്റെ ജിഎസ്ടിഎന്നിലെ പ്രൊഫൈലിൽ നിയമ ലംഘനത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തപ്പെടില്ല എന്നതിനാലും മറുപടി സ്വീകാര്യമല്ല. ബാക്കിയുള്ള കേസുകളിൽ മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

> ***ശുപാർശ 8:***
> ***ഇലക്ട്രോണിക് ലയബിലിറ്റി ലെഡ്ജറിൽ നികുതി-പിഴ ബാധ്യതയുടെ വിശദാംശങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്താൻ സർക്കാരിന് പ്രോപ്പർ ഓഫീസർക്ക് നിർദ്ദേശം നൽകാം.***

[40] 2018 ജൂൺ 29 ലെ സർക്കുലർ നമ്പർ 17/2018.
[41] ഒആർ നമ്പർ വിസി/111/165/2019-20.
[42] ഒആർ നമ്പർ 05/2019-20, ഒആർ നമ്പർ 94/2019-20, ഒആർ നമ്പർ 32/2020-21.

## 3.4 ഇ-വേ ബില്ലുമായി ബന്ധപ്പെട്ട ഇടപാടുകൾ നിരീക്ഷിക്കുന്നതിൽ വകുപ്പിനകത്തും വകുപ്പുകൾ തമ്മിലുമുള്ള ഏകോപനം

ഇ-വേ ബില്ലുകളുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ചുമതലകൾ ഏൽപ്പിച്ചിരിക്കുന്നത് പ്രിവന്റീവ് യൂണിറ്റുകൾക്കാണ്. നികുതിദായകർ സമയബന്ധിതമായി സമർപ്പിക്കുന്ന, അധികാരപരിധിയിലുള്ള ഉദ്യോഗസ്ഥരുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമായി, നികുതി റിട്ടേണുകളിലൂടെ നികുതി ബാധ്യത തീർക്കുന്നു. വകുപ്പിനകത്തും വകുപ്പുകൾ തമ്മിലുമുള്ള ഏകോപനം ഉറപ്പാക്കാൻ, തിരഞ്ഞെടുത്ത എട്ട് ഓഫീസുകൾ ബുക്ക് ചെയ്ത 200 നിയമ ലംഘനങ്ങൾ ഓഡിറ്റ് പരിശോധിച്ചു, കണ്ടെത്തലുകൾ ചുവടെ ചർച്ചചെയ്യുന്നു.

### 3.4.1 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുന്നതിൽ പരാജയപ്പെട്ട നികുതി ദായകരെ തിരിച്ചറിയാത്തത്

2017 ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 138 പ്രകാരം, 50,000 രൂപയ്ക്ക് മുകളിലുള്ള ചരക്കുകളുടെ ഗതാഗത സമയത്ത് ഇ-വേ ബിൽ ജനറേറ്റ് ചെയ്യുകയും കൂടെ കൊണ്ടുപോകുകയും വേണം.

സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ബുക്ക് ചെയ്ത കേസുകളുടെ എണ്ണവും ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാത്തതിനാൽ ബുക്ക് ചെയ്ത കേസുകളുടെ എണ്ണവും ചുവടെ **പട്ടിക – 3.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക – 3.2**

**ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാത്തതിനാൽ ബുക്ക് ചെയ്ത കേസുകളുടെ വിശദാംശങ്ങൾ**

| വർഷം | ബുക്ക് ചെയ്ത കേസുകളുടെ എണ്ണം | ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാത്തതിനാലുള്ള കേസുകളുടെ എണ്ണം | ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാത്തതിനാലുള്ള കേസുകളുടെ ശതമാനം |
|---|---|---|---|
| 2018–19 | 5,041 | 2,654 | 52.65 |
| 2019–20 | 3,920 | 2,389 | 60.94 |
| 2020–21 | 6,184 | 3,612 | 58.41 |
| 2021–22 | 6,554 | 3,882 | 59.23 |
| **ആകെ** | **21,699** | **12,537** | **57.78** |

സ്രോതസ്സ്: എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രതിമാസ ഡയറി.

ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാത്തതുമൂലമുള്ള കേസുകൾ 2018–19 ലെ 52.65 ശതമാനത്തിൽ നിന്ന് 2021–22 ൽ 59.23 ശതമാനമായി ഉയർന്നതായി പട്ടികയിൽ നിന്നും കാണാൻ കഴിയും. ഇത് ഇ-വേ ബിൽ ജനറേഷൻ എന്ന ആശയം പൂർണ്ണമായും വേരുപിടിച്ചില്ല എന്ന് സൂചിപ്പിക്കുന്നു. ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാത്ത നികുതിദായകരെ തിരിച്ചറിയുന്നതിൽ വകുപ്പ് പരാജയപ്പെട്ടു, കൂടാതെ നിയമം പാലിക്കാത്തതിന് പിഴ ഈടാക്കിയവരുടെ രേഖകൾ സൂക്ഷ്മമായി പരിശോധിച്ചുമില്ല.

ടിപിഎസ്സി കൂത്തുപറമ്പിന് കീഴിലുള്ള ഒരു നികുതിദായകൻ 2018–19 കാലയളവിൽ ജനറേറ്റ് ചെയ്ത ഒരു ഇൻവോയ്സിനും ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തിട്ടില്ലെന്ന് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ ഒരു നിയമ ലംഘന കേസിന്റെ[43] രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തി. 2018–19 കാലയളവിൽ, നികുതിദായകൻ 50,000 രൂപയിൽ കൂടുതൽ മൂല്യമുള്ള 92 ഇൻവോയ്സുകൾ ജനറേറ്റ് ചെയ്തു. ആകെ നികുതിവിധേയ മൂല്യം 0.89 കോടി രൂപയും ജിഎസ്ടി 0.16 കോടി രൂപയുമായിരുന്നു.

[43] മൊബൈൽ സ്ക്വാഡ് തളിപ്പറമ്പിന്റെ ഒആർ നമ്പർ 12/2020–21.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), ജിഎസ്ടി സാഹചര്യത്തിൽ, ഇന്റലിജൻസ് അധിഷ്ഠിത അന്വേഷണ പ്രവർത്തനങ്ങൾ കൂടുതൽ വരുമാനം നൽകുന്നുണ്ടെന്നും ആഴത്തിലുള്ളതും തീവ്രവുമായ സ്വാധീനം ചെലുത്തുന്നുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു (2024 മേയ്). അതിനാൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ ചേർത്തുകൊണ്ടുള്ള ഒരു സംവിധാനം ആവിഷ്കരിക്കുന്നത് യുക്തിസഹമല്ല. കൂടാതെ, അത് സംസ്ഥാന വരുമാനത്തിൽ കുറവുണ്ടാക്കാം. നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഇ-വേ ബില്ലുകളുടെ പരിശോധനയും വാഹന പരിശോധനയും കൂടുതലായി നടത്തുന്നുണ്ടെന്നും ഇന്റലിജൻസ് യൂണിറ്റുകൾ ഇ-വേ ബിൽ റിപ്പോർട്ടുകൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ടെന്നും സർക്കാർ വ്യക്തമാക്കി. കർശന വാഹന പരിശോധന ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തനങ്ങൾ നിലവിലുണ്ടെന്ന് സർക്കാർ വ്യക്തമാക്കി (2024 നവംബർ). കൂടാതെ, വിവിധ അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എഎൻപിആർ ക്യാമറകൾ ഇ-വേ ബില്ലുകളില്ലാത്ത വാഹനങ്ങൾ കണ്ടെത്തുകയും വാഹനം പരിശോധിക്കാൻ പ്രേരിപ്പിക്കുന്ന ഒരു അലേർട്ട് അടുത്തുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡിന് അയയ്ക്കുകയും ചെയ്യുന്നു.

എന്നാൽ, ചൂണ്ടിക്കാണിച്ച പ്രശ്നത്തെക്കുറിച്ച് കൃത്യമായ മറുപടി നൽകിയിട്ടില്ല (2024 ഡിസംബർ).

***ശുപാർശ 9:***

***ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാതെ ചരക്ക് ഗതാഗതം നടത്തുന്ന നികുതി ദായകരെ കണ്ടെത്താൻ സർക്കാരിന് ഒരു സംവിധാനം രൂപപ്പെടുത്താം.***

### 3.4.2 കേന്ദ്ര നികുതി പരിധിയിലുള്ള നികുതിദായകർക്കെതിരെ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള എൻഫോഴ്സ്മെന്റ് നടപടി പിന്തുടരാത്തത്

നികുതിദായകൻ ആരുടെ അധികാരപരിധിയിൽ ആണെന്ന് പരിഗണിക്കാതെ നികുതിദായകന്റെ മേൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള എൻഫോഴ്സ്മെന്റ് നടപടികൾ ആരംഭിക്കാൻ കേന്ദ്ര-സംസ്ഥാന നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്[44].

കേന്ദ്ര നികുതി വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന മൂന്ന് നികുതിദായകർക്കെതിരെ സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ബുക്ക് ചെയ്ത മൂന്ന് കേസുകൾ ഓഡിറ്റ് പരിശോധിച്ചതിൽ നിന്നും അവയെ സംബന്ധിച്ച കൂടുതൽ അന്വേഷണത്തിന് വകുപ്പ് നടപടി ആരംഭിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റ് മൂന്ന് നികുതിദായകരുടെയും രേഖകൾ പരിശോധിച്ചപ്പോൾ താഴെ നൽകിയിരിക്കുന്നതുപോലെ നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടു.

- ഒറ്റപ്പാലം റേഞ്ചിനു കീഴിൽ രജിസ്റ്റർ ചെയ്ത നികുതിദായകൻ കൊണ്ടുപോയിരുന്ന ചരക്കുകൾ മൂന്ന് തവണ (2020 നവംബർ 3, 2021 ജനുവരി 27, 2021 ജനുവരി 30) തടഞ്ഞ് നിയമ ലംഘനത്തിന് കേസുകളെടുത്തു. നികുതിദായകന്റെ രേഖകൾ പരിശോധിച്ച ഓഡിറ്റ്, 2020-22 കാലയളവിൽ 16.42 കോടി രൂപയുടെ 365 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തതായി കണ്ടെത്തി. ജിഎസ്ടിആർ-1ൽ നികുതിദായകൻ 3.62 കോടി രൂപയുടെ നികുതി ബാധ്യത റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ജിഎസ്ടിആർ-3ബി വഴി 2.47 കോടി രൂപ മാത്രമാണ് അടച്ചതെന്നും ഇത് 1.15 കോടി രൂപയുടെ കുറവുണ്ടാക്കിയെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കൂടാതെ, 2021 ജൂലൈ മുതൽ, 0.06 കോടി രൂപയുടെ ജിഎസ്ടി ബാധ്യത വരുന്ന മൊത്തം 0.36 കോടി രൂപയുടെ നാല് ഇ-വേ ബില്ലുകൾ ജനറേറ്റ്

[44] 2018 ഒക്ടോബർ 5 ലെ സിബിഐസി ഡിഒ എഫ് നമ്പർ സിബിഇസി/20/43/01/2017-ജിഎസ്ടി (പിടി).

ചെയ്തെങ്കിലും നികുതിദായകൻ 2021 ജൂലൈയിൽ 'നിൽ' ജിഎസ്ടിആർ-1 ആണ് സമർപ്പിച്ചത്, തുടർന്നുള്ള റിട്ടേണുകൾ സമർപ്പിക്കുകയും ചെയ്തില്ല. ഇത് 1.21 കോടി രൂപയുടെ നികുതി ബാധ്യത തീർക്കാതിരിക്കാൻ കാരണമായി.

- ഒറ്റപ്പാലം റേഞ്ചിനു കീഴിൽ രജിസ്റ്റർ ചെയ്ത മറ്റൊരു നികുതിദായകൻ കൊണ്ടുപോയ ചരക്കുകൾ 2020 ജൂലൈ 28ന് തടഞ്ഞ് നിയമ ലംഘനത്തിന് കേസെടുത്തു. 2020-21ൽ മൊത്തം 2.75 കോടി രൂപയുടെ നികുതി വിധേയ മൂല്യവും 0.49 കോടി രൂപയുടെ ഐജിഎസ്ടിയും ഉൾപ്പെട്ട 16 ഇൻവോയ്സുകൾക്ക് നികുതിദായകൻ ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത് ജിഎസ്ടിആർ-1ൽ ഉൾപ്പെടുത്തുകയോ നികുതി ബാധ്യത തീർപ്പാക്കുകയോ ചെയ്തിട്ടില്ല.

- താമരശ്ശേരി റേഞ്ചിനു കീഴിൽ രജിസ്റ്റർ ചെയ്ത നികുതിദായകൻ കൊണ്ടുപോയ ചരക്കുകൾ 2021 ഒക്ടോബർ 15-ന് തടഞ്ഞ് നിയമ ലംഘനത്തിന് കേസെടുത്തു. 2021-22-ൽ 1.03 കോടി രൂപയുടെ ജിഎസ്ടി ഉൾപ്പെട്ട 21.20 കോടി രൂപയുടെ ഔട്ട്‌വേർഡ് സപ്ലൈക്കു വേണ്ടി 80 ഇ-വേ ബില്ലുകൾ നികുതിദായകൻ ജനറേറ്റ് ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, അവർ 2021 ഓഗസ്റ്റിലെ റിട്ടേൺ വഴി 0.17 കോടി രൂപയുടെ നികുതി ബാധ്യത മാത്രം തീർപ്പാക്കിയത് 0.86 കോടി രൂപയുടെ കുറഞ്ഞ നികുതി ഒടുക്കലിന് കാരണമായി.

അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിലും എൻഫോഴ്സ്മെന്റ് സ്ക്വാഡ് രജിസ്റ്റർ ചെയ്ത നിയമലംഘന കേസുകളുടെ അടിസ്ഥാനത്തിൽ നികുതിദായകർക്കെതിരെ സംസ്ഥാന നികുതി അധികാരികൾ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ ഈ വിവരങ്ങൾ കേന്ദ്ര നികുതി അധികാരികളുമായി പങ്കിട്ടിട്ടില്ലെന്നും കണ്ടെത്തി. നിയമലംഘന കേസുകൾ ബുക്കുചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ ശരിയായി ഉപയോഗിച്ചിരുന്നെങ്കിൽ നികുതിവെട്ടിപ്പ് തടയാമായിരുന്നു.

ഇവ 2023 ഒക്ടോബറിൽ വകുപ്പിന്റെയും 2024 മാർച്ചിൽ സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി. മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

### 3.4.3 ബുക്ക് ചെയ്ത കേസുകളുടെ വിവരങ്ങൾ ടാക്സ്പെയർ സർവീസസ് സർക്കിളുകൾക്ക് കൈമാറുന്നത്

ചരക്കു ഗതാഗതത്തിനിടയിൽ വാഹനങ്ങൾ നിർത്തി പരിശോധിക്കുമ്പോൾ അടയ്ക്കുന്ന ഒരു നികുതിക്കും ഐടിസി അവകാശപ്പെടാൻ കഴിയില്ലെന്നാണ് 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 17(5) പറയുന്നത്. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 37 പ്രകാരം, എല്ലാ ഔട്ട്‌വേർഡ് സപ്ലൈകളും ജിഎസ്ടിആർ-1ൽ രേഖപ്പെടുത്തണം, ഈ വിവരങ്ങൾ വിതരണക്കാരന്റെ ജിഎസ്ടിആർ-2എയിൽ സ്വയം പോപ്പുലേറ്റ് ചെയ്യപ്പെടും. കൂടാതെ, നിയമത്തിലെ വകുപ്പ് 61, പ്രോപ്പർ ഓഫീസർ നികുതിദായകന്റെ റിട്ടേണുകൾ കൃത്യതയ്ക്കായി അവലോകനം ചെയ്യാനും എന്തെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ നടപടികളെടുക്കാനും ആവശ്യപ്പെടുന്നു.

തിരഞ്ഞെടുത്ത എട്ട് ഓഫീസുകളിലായി ബുക്കുചെയ്ത 200 കേസുകൾ ഓഡിറ്റ് പരിശോധിച്ചതിൽ നിന്നും ബുക്ക് ചെയ്ത കേസുകളുടെ വിവരങ്ങൾ അധികാരപരിധിയുള്ള അധികാരികൾക്കോ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിനോ സൂക്ഷ്മപരിശോധനയ്ക്ക് കൈമാറുന്നതിനുള്ള സമ്പ്രദായം വകുപ്പിന് ഇല്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. നികുതിദായകരുടെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ഇനിപ്പറയുന്ന പൊരുത്തക്കേടുകൾ ഓഡിറ്റ് കണ്ടെത്തി.

(എ) 92 കേസുകളിൽ (**അനുബന്ധം-XVII**), ഇടപാടുകളുമായി ബന്ധപ്പെട്ട് 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 129 പ്രകാരം സമാഹരിക്കപ്പെട്ട നികുതിയായ 0.27 കോടി രൂപ ഐടിസിയായി ജിഎസ്ടിആർ-1 വഴി കൈമാറി.

എന്നാൽ, ബുക്കുചെയ്ത കേസുകളുടെ വിവരങ്ങൾ പ്രോപ്പർ ഓഫീസർക്ക് കൈമാറാൻ ഒരു സംവിധാനവും നിലവിലില്ല.

ഇത് ചൂണ്ടിക്കാട്ടിയപ്പോൾ (2024 മാർച്ച്), കൊല്ലം ടിപിഎസ്സിക്ക് കീഴിലുള്ള ഒരു കേസിൽ എഎസ്എംഡി-10 പുറപ്പെടുവിച്ചതായി സർക്കാർ വ്യക്തമാക്കി (2024 ഒക്ടോബർ).

(ബി) 27 കേസുകളിൽ (**അനുബന്ധം-XVIII**), അധിക ചരക്ക് കൊണ്ടുപോകുന്നതിന് നികുതിയും പിഴയും ചുമത്തിയിട്ടുണ്ടെങ്കിലും അധിക ചരക്കിന്റെ മൂല്യം ജിഎസ്ടി റിട്ടേണുകളിൽ രേഖപ്പെടുത്തിയിട്ടില്ല. തൽഫലമായി, തുടർന്നുള്ള സ്വീകർത്താക്കൾ അധിക ചരക്കിന്റെ മൂല്യം നിർണയിച്ചില്ല. അധിക ചരക്കിന്റെ നിശ്ചയിച്ച മൂല്യം 0.27 കോടി രൂപയും ജിഎസ്ടി 3.75 ലക്ഷം രൂപയുമാണ്. ചരക്കുകൾ സ്വീകരിക്കുന്നവരുടെ അധികാരപരിധിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് വിവരം കൈമാറിയില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മാർച്ച്), രണ്ട്[45] കേസുകളിൽ ആവശ്യപ്പെട്ട നികുതിയും പിഴയും നികുതിദായകൻ ഒടുക്കിയതിനാൽ 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 129(5) പ്രകാരം നടപടികൾ അവസാനിച്ചതായി കണക്കാക്കാമെന്ന് സർക്കാർ പ്രസ്താവിച്ചു (2024 മെയ്, 2024 നവംബർ). രണ്ട്[46] കേസുകളുടെ കാര്യത്തിൽ സൂക്ഷ്മപരിശോധന ചെയ്തുവരുന്നുവെന്നും വിശദമായ മറുപടി നൽകുമെന്നും അറിയിച്ചു. ബാക്കിയുള്ള കേസുകളിൽ മറുപടി ലഭിച്ചിട്ടില്ല (2024 ഡിസംബർ).

ഖണ്ഡികയിൽ എടുത്തുകാണിച്ച പ്രശ്നങ്ങൾ അഭിസംബോധന ചെയ്തിട്ടുണ്ടെന്നും അത്തരം കേസുകളുടെ പ്രസക്തമായ വിവരങ്ങൾ അധികാരപരിധിയിലെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് (ടാക്സ്പെയർ സർവീസസ് സർക്കിളുകൾ) പങ്കിട്ടിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു (2024 നവംബർ). ഇൻപുട്ട് ടാക്സ് ക്രമരഹിതമായി കൈമാറുന്നതിലും വ്യാജ രജിസ്ട്രേഷൻ ഉപയോഗിക്കുന്നതിലും ഉൾപ്പെട്ട നികുതിദായകരെ കണ്ടെത്തുന്നതിന് ആന്റി ഫേക്ക് ഇൻവോയ്സ് ഡ്രൈവ്, ആന്റി ബോഗസ് രജിസ്ട്രേഷൻ ഡ്രൈവ് എന്നീ രണ്ട് പദ്ധതികൾ വകുപ്പ് ആരംഭിച്ചതായും പ്രസ്താവിച്ചു.

***ശുപാർശ 10:***

***കൂടുതൽ അന്വേഷണത്തിനായി ബുക്ക് ചെയ്ത കേസുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിക്കുന്നതിനും അധികാരപരിധിയിലെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് വിവരങ്ങൾ കൈമാറുന്നതിനും സർക്കാരിന് ഒരു സംവിധാനം രൂപപ്പെടുത്താം.***

[45] ഒആർ നമ്പർ 161/2019-20, ഒആർ നമ്പർ 84/2020-21.

[46] ഒആർ നമ്പർ 153/2019-20, ഒആർ നമ്പർ 11/2021-22.

# അധ്യായം IV

# ഉപസംഹാരവും ശുപാർശകളും

# അധ്യായം -IV
# ഉപസംഹാരവും ശുപാർശകളും

## 4.1 ഉപസംഹാരം

രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട നികുതിദായകരെയും റിട്ടേൺ സമർപ്പിക്കാത്തവരെയും ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ ഇ-വേ ബിൽ സിസ്റ്റം അനുവദിച്ചത് വരുമാന ചോർച്ചയ്ക്ക് കാരണമായി.

ഇ-വേ ബില്ലുകളുടെ കോമൺ പോർട്ടലിൽ കൃത്യതാ പരിശോധനയുടെ അഭാവം കാരണം ഒരേ ഇൻവോയ്സ് നമ്പറിനായി ഒന്നിലധികം ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ സിസ്റ്റം അനുവദിച്ചു.

കോമ്പോസിഷൻ നികുതിദായകർ നടത്തിയ അന്തർ സംസ്ഥാന, സംസ്ഥാനത്തിനുള്ളിലെ ചരക്ക് നീക്കങ്ങൾ വേർതിരിച്ചറിയാൻ സിസ്റ്റത്തിന് കഴിയാത്തതിനാൽ രണ്ട് സാഹചര്യങ്ങളിലും ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ അനുവദിച്ചു.

'നിൽ' റിട്ടേൺ ഫയൽ ചെയ്ത നികുതിദായകർക്ക് തുടർന്നും ഔട്ട്‌വേർഡ് സപ്ലൈയ്ക്കായി ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യാൻ സാധിച്ചത് വരുമാന ചോർച്ചയ്ക്ക് കാരണമായി.

ഇ-വേ ബിൽ ഇടപാടുകളെ അടിസ്ഥാനമാക്കി തിരിച്ചറിഞ്ഞ നികുതിദായകർ, ജിഎസ്ടിആർ-1 റിട്ടേണിൽ ഇൻവോയ്സുകൾ റിപ്പോർട്ട് ചെയ്യാത്തതും റിട്ടേണിൽ കാണിച്ച ഇൻവോയ്സുകൾക്ക് ഇ-വേ ബിൽ ജനറേറ്റ് ചെയ്യാത്തതും കൃത്യമായ നികുതി റിപ്പോർട്ടിംഗിനെക്കുറിച്ചുള്ള ആശങ്കകൾ ഉയർത്തുന്നു. കൂടാതെ, 50,000 രൂപയിൽ കൂടുതലുള്ള ഇൻവേർഡ് സപ്ലൈകളിൽ ഗണ്യമായ എണ്ണത്തിന് ഇ-വേ ബില്ലുകൾ ഇല്ലായിരുന്നു.

